01

# ഇന്ത്യൻ വൈദ്യുതി മേഖലയിലെ ആഗോളവൽക്കരണ നയങ്ങൾ

ഇന്ത്യയിൽ വൈദ്യുതി രംഗത്ത് നവ ഉദാരവല്കരണ പരിഷ്കരണങ്ങൾ ആരംഭിച്ചിട്ട് 25 വർഷം പിന്നിട്ടു. വൈദ്യുതി ഉല്പാദന രംഗത്ത് സ്വകാര്യപങ്കാളിത്തം അനുവദിക്കുന്നതിനു വേണ്ടി ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് 1991ലാണ് ഇതിന് തുടക്കം കുറിച്ചത്. ഈ ഭേദഗതിയെ ന്യായീകരിച്ചുകൊണ്ടുള്ള സർക്കാരിന്റെ വാദമുഖങ്ങൾ ഇവയായിരുന്നു.

- രാജ്യത്ത് വൻതോതിലുള്ള വൈദ്യുതി കമ്മി നിലനിൽക്കുന്നു.
- രാജ്യത്തിന്റെ വികസനത്തിന് വൻതോതിലുള്ള ഉത്പാദന വർദ്ധനവ് ആവശ്യമാണ്.
- അതിനാവശ്യമായ മുതൽമുടക്കാൻ സർക്കാരിന്റെ കൈയിൽ പണമില്ല.
- സ്വകാര്യ - വിദേശ നിക്ഷേപകരുടെ പണം ഉപയോഗിച്ച് വൈദ്യുതി ഉത്പാദന ശേഷി വർദ്ധിപ്പിച്ചുകൊണ്ട് വൈദ്യുതി കമ്മി മറികടക്കാൻ സാധിക്കും.

വൈദ്യുതി ഉൽപാദന രംഗത്ത് വരുന്ന സ്വകാര്യ സംരംഭകർക്ക് വൻതോതിലുള്ള ലാഭം ഉറപ്പു വരുത്തുന്ന തരത്തിൽ സംസ്ഥാന ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുമായി ദീർഘകാലത്തേക്കുള്ള വൈദ്യുതി വാങ്ങൽ കരാർ ഉണ്ടാക്കാനും പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകി.

8 ാം പദ്ധതിയുടെ അവസാനത്തോടെ (1997 മാർച്ച് 31) കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് 8 ഫാസ്റ്റ്ട്രാക്ക് പ്രോജക്ടുകൾക്ക് ഇത്തരത്തിൽ അനുമതി നൽകി. ഇതിൽ മഹാരാഷ്ട്രയിലെ ധാബോൾ പവർ പ്രോജക്ടും (എൻറോൺ), ആന്ധ്രപ്രദേശിലെ സ്പെക്ടും

പ്രോജക്റ്റും മാത്രമാണ് നടപ്പാക്കപ്പെട്ടത്. ഇവിടങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉയർന്ന വില, അതു വാങ്ങാൻ കരാറിലേർപ്പെട്ട ഈ സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കി. ഇന്ത്യൻ പൊതുമേഖലാ ബാങ്കുകളിൽ നിന്നെടുത്ത 8000 കോടി രൂപയുടെ കടം ബാക്കിയാക്കി ധാബോൾ പദ്ധതി ഉപേക്ഷിച്ച് 2001ൽ എൻറോൺ സ്ഥലംവിട്ടു. പിന്നീട് ഈ ഭാരമാകെ എൻ റ്റി പി സി, ഗയിൽ, എം എസ് ഇ ബി, ഐ ഡി ബി ഐ, എസ് ബി ഐ, ഐ സി ഐ സി ഐ, കാനറാ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ചേർന്ന് രൂപീകരിച്ച രത്നഗിരി പവർ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ഏറ്റെടുക്കാൻ നിർബന്ധിതമായി.

വിദേശ നിക്ഷേപത്തിനു വേണ്ടിയാണ് നമ്മുടെ വൈദ്യുതി ഉല്പാദന രംഗം തുറന്നു കൊടുത്തത്. എന്നാൽ നമ്മുടെ ബാങ്കുകളിലെ പണം തന്നെ ചോർത്തിയെടുത്ത് എങ്ങനെയൊക്കെ നമ്മെ ചൂഷണം ചെയ്യാമെന്ന് എൻറോൺ അനുഭവം നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഫാസ്റ്റ്ട്രാക്ക് പ്രോജക്റ്റുകളുടെ പരാജയത്തിൽ നിന്നും പാഠം പഠിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ല.

1995ലെ ദ്രവ ഇന്ധനനയത്തിലും സ്വകാര്യമേഖലക്ക് സഹായകമായ സമീപനങ്ങളാണുണ്ടായിരുന്നത്.

## അൾട്രാ മെഗാ പവർ പ്രോജക്റ്റുകൾ (UMPP)

വൈദ്യുതി ഉല്പാദന രംഗത്തേക്ക് വൻതോതിൽ സ്വകാര്യ മൂലധനം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2007ൽ ആരംഭിച്ചതാണ് അൾട്രാ മെഗാ പവർ പ്രോജക്റ്റുകൾ. 4000 മെഗാവാട്ടോ അതിലധികമോ ശേഷിയുള്ള നിലയങ്ങളാണ് ഈ സ്കീമിൽ ഉദ്ദേശിച്ചത്. 16 പദ്ധതികൾ ലക്ഷ്യമിട്ടതിൽ (64000 മെഗാവാട്ട്) 4 എണ്ണം ലേലം ചെയ്തു. ഇതിൽ ഒരു പദ്ധതി ടാറ്റായ്ക്കും 3 പദ്ധതികൾ റിലയൻസിനും ലഭിച്ചു. താരിഫ് അധിഷ്ഠിത ലേലത്തിലൂടെയാണ് പദ്ധതികൾ കൈമാറിയത്. കടൽ തീരത്ത് സ്ഥാപിക്കുന്ന പദ്ധതികൾക്ക് ഇന്ധനം ഇറക്കുമതി ചെയ്യാൻ അനുമതിയും അതിന് തീരുവ ഇളവുകളും ലഭിക്കും. മറ്റ് സ്ഥലങ്ങളിലുള്ള പദ്ധതികൾക്ക് ഇന്ധനത്തിനായി കൽക്കരിപ്പാടങ്ങൾ പതിച്ചുനൽകി. പദ്ധതി തുടങ്ങാനാവശ്യമായ സ്ഥലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സർക്കാർ ഒരുക്കിക്കൊടുക്കും.

ടാറ്റ പവറിന്റെ ഗുജറാത്തിലെ മുന്ദ്ര പദ്ധതിയും (യൂണിറ്റിന് 2.26 രൂപ) റിലയൻസിന്റെ മദ്ധ്യപ്രദേശിലെ സാസൻ പദ്ധതിയും (യൂണിറ്റിന് 1.19 രൂപ) മാത്രമാണ് ഇതുവരെ കമ്മീഷൻ ചെയ്തത്. ഝാർഖണ്ഡിലെ തിലയ്യ പദ്ധതി (യൂണിറ്റിന് 1.77 രൂപ) ആന്ധ്രപ്രദേശിലെ കൃഷ്ണപട്ടണം പദ്ധതി (യൂണിറ്റിന് 2.33 രൂപ) എന്നിവയിൽ നിന്നും റിലയൻസ് പിന്മാറുകയാണെന്ന് അറിയിച്ചിട്ടുണ്ട്. കമ്മീഷൻ ചെയ്ത രണ്ട് പദ്ധതികളും കരാർ പ്രകാരം അർഹതയില്ലാത്ത ഉയർന്ന കോംപൻസേറ്ററി താരിഫ് കിട്ടാനുള്ള ശ്രമത്തിലാണ്. താരിഫ് ബിഡ്ഡിംഗിൽ ഒരു ചെറിയ തുക കാണിച്ച് പദ്ധതി നേടിയെടുക്കുകയും അവസാനം എന്തെങ്കിലും ന്യായം പറഞ്ഞ് ക്വോട്ട് ചെയ്ത തുക ഉയർത്തിക്കിട്ടാനുള്ള ശ്രമം നടത്തുകയുമാണ് സ്വകാര്യ സംരംഭർ ഇപ്പോൾ ചെയ്യുന്നത്.

## വഴിവിട്ട നീക്കങ്ങൾ

### 1. കൽക്കരി:

കൽക്കരിക്കമ്മി പരിഹരിക്കാനെന്ന പേരിൽ സ്വകാര്യ മേഖലക്ക് ക്യാപ്റ്റീവ് ആവശ്യങ്ങൾക്ക് കൽക്കരിപ്പാടം അനുവദിക്കാൻ 1993 മുതൽ എടുത്ത നടപടികൾ 2014ൽ സുപ്രീംകോടതി റദ്ദാക്കി. 1993 മുതൽ 2010 വരെയുള്ള കാലയളവിൽ 218 കല്ക്കരി പാടങ്ങൾക്ക് അനുമതി നൽകിയതാണ് നിയമവിരുദ്ധമെന്ന് കോടതി കണ്ടെത്തിയത്. യാതൊരു മാനദണ്ഡവുമില്ലാതെ സ്വന്തക്കാർക്കും ബന്ധുക്കൾക്കും കൽക്കരിപ്പാടങ്ങൾ അനുവദിച്ചതു വഴി രാജ്യത്തിന് 1,85,591 കോടി രൂപ നഷ്ടം വരുത്തിവെച്ചതായി നേരത്തെ സി എ ജി കണ്ടെത്തിയിരുന്നു. സി എ ജി യുടെ ഈ കണ്ടെത്തലിനെ സുപ്രീംകോടതി ഉത്തരവ് ശരിവെക്കുന്നു. സാസനിലെ യു എം പി പി നിലയത്തിനനുവദിച്ച കൽക്കരിപ്പാടത്തു നിന്നും ഖനനം ചെയ്ത കൽക്കരി തങ്ങളുടെ മറ്റ് നിലയങ്ങളിൽ ഉപയോഗിച്ച് റിലയൻസ് നടത്തിയ തട്ടിപ്പിലൂടെ 29033 കോടി രൂപയുടെ അനധികൃത ആദായം അവർക്ക് ലഭിച്ചെന്ന് സി എ ജി കണ്ടെത്തിയിട്ടുണ്ട്.

### 2. പ്രകൃതിവാതകം:

വൈദ്യുതി ഉത്പാദനത്തിൽ പ്രധാനപ്പെട്ട സ്രോതസ്സാണ് പ്രകൃതിവാതകം. ഇതിന്റെ ഖനനം സ്വകാര്യവൽക്കരിച്ചത് ഈ രംഗത്ത് വലിയ പ്രതിസന്ധിക്ക് വഴിവെച്ചു. കൃഷ്ണാ ഗോദാവരി തടത്തിൽ (കെ ജി ബേസിൻ) ഖനനത്തിന് റിലയൻസിന് അനുമതി നൽകിയത് തെറ്റാണെന്ന വിമർശനം പൂർണ്ണമായും ശരിവെക്കുന്നതായിരുന്നു പിന്നീടുണ്ടായ സംഭവവികാസങ്ങൾ. അവർക്കനുവദിച്ച D6 ബ്ലോക്കിന് തൊട്ടടുത്തുള്ള ഒ എൻ ജി സി യുടെ D1, D3 ബ്ലോക്കുകളിൽ നിന്നും 2009നും 2015നും ഇടയിൽ പ്രകൃതിവാതകം ചോർത്തിയെടുത്തതിന് 10,400 കോടി രൂപ പിഴ നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാർ റിലയൻസിന് ഇപ്പോൾ നോട്ടീസ് നൽകിയിരിക്കുകയാണ്. വാതകം ചോർത്തൽ സംബന്ധിച്ച വാർത്ത പുറത്തു കൊണ്ടുവന്നത് മാദ്ധ്യമങ്ങളാണ്. ഇതിനെ തുടർന്ന് ഒ എൻ ജി സി കേസ് നൽകിയെങ്കിലും അത് പിൻവലിക്കാൻ ശ്രമം നടന്നു. ഈ ഒത്തുകളിയും പുറത്തായതിനെ തുടർന്ന് ഗത്യന്തരമില്ലാതെയാണ് ഇപ്പോൾ നോട്ടീസ് നൽകിയിരിക്കുന്നത്.

1 എം എം ബി റ്റി യു പ്രകൃതിവാതകം ഉത്പാദിപ്പിക്കുന്നതിന് 2 ഡോളറിൽ താഴെയേ ചെലവ് വരൂ. എന്നാൽ യൂണിറ്റിന് 8 ഡോളർ വരെ വില നൽകാൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറായി. ഇങ്ങനെയൊക്കെ ആയിട്ട് പോലും കരാർ പ്രകാരം ഉത്പാദിപ്പിക്കേണ്ടതിന്റെ 10 ശതമാനം പോലും ഉല്പാദനം നടന്നില്ല. 20,000 മെഗാവാട്ടിലധികം സ്ഥാപിത ശേഷിയുള്ള ഗ്യാസ് നിലയങ്ങൾ ഇതുമൂലം സ്തംഭനത്തിലായി.

## ഉല്പാദന മുരടിപ്പ്

വൈദ്യുതി ഉല്പാദന മേഖലയിൽ സ്വകാര്യ മൂലധനത്തിന് പ്രോത്സാഹനം നൽകിയത് മൂലം കാര്യമായ നേട്ടമൊന്നും ഉണ്ടാക്കാനായിട്ടില്ല. സ്വകാര്യ സംരംഭകർക്ക് നൽകിയ സൗജന്യങ്ങളും ആനുകൂല്യങ്ങളും കൊണ്ടുതന്നെ പൊതുമേഖലയിൽ പദ്ധതികൾ ആരംഭിക്കാമായിരുന്നു. 1947 മുതൽ 2016 വരെയുള്ള സ്ഥാപിതശേഷി പട്ടിക 1. 1ൽ

### പട്ടിക 1. 1

### 1947 മുതൽ 2016 വരെയുള്ള സ്ഥാപിതശേഷി

| Year | Installed Capacity in MW |
|---|---|
| December 1947 | 1362 |
| December 1955 | 2695 |
| 31.03.1961 | 4653 |
| 31.03.1966 | 9027 |
| 31.03.1974 | 16664 |
| 31.03.1979 | 26680 |
| 31.03.1985 | 42585 |
| 31.03.1990 | 63636 |
| 31.03.1991 | 66086 |
| 31.03.1992 | 69065 |
| 31.03.1997 | 85795 |
| 31.03.2002 | 105046 |
| 31.03.2007 | 132329 |
| 31.03.2012 | 199877 |
| 31.03.2016 | 302088 |

കൊടുത്തിരിക്കുന്നു.

സ്വകാര്യവൽക്കരണ നയങ്ങൾ തുടങ്ങിയ 1991ന് മുമ്പുള്ള 25 വർഷങ്ങളും (1966 - 91) അതിനു ശേഷമുള്ള 25 വർഷങ്ങളും (1991 - 2016) താരതമ്യം ചെയ്യുമ്പോൾ സ്ഥാപിതശേഷി വർദ്ധനവിലെ വളർച്ചാ നിരക്ക് 8.29 ശതമാനത്തിൽ നിന്നും 6.27 ശതമാനമായി കുറഞ്ഞതായി കാണാൻ കഴിയും. 1991ൽ മൊത്തം സ്ഥാപിതശേഷിയുടെ 4.3 ശതമാനമായിരുന്നു (2862 MW) സ്വകാര്യമേഖലയുടെ പങ്ക്. 2016 ഒക്ടോബർ 31 ലെ കണക്കനുസരിച്ച് ഇത് 42 ശതമാനമാണ് (1,29,620 MW). സ്വകാര്യവൽക്കരണ നടപടികൾ തീവ്രമായി നടപ്പാക്കിയ കഴിഞ്ഞ 25 വർഷം കൊണ്ട് സ്ഥാപിതശേഷിയിൽ സ്വകാര്യമേഖലയുടെ പങ്ക് വർദ്ധിച്ചിട്ടുണ്ടെങ്കിലും വളർച്ചാനിരക്ക് മുരടിച്ചതായി ഈ കണക്കുകൾ വ്യക്തമാക്കുന്നു.

വിവിധ പഞ്ചവത്സര പദ്ധതികളിലും വാർഷിക പദ്ധതികളിലും സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന് നിശ്ചയിച്ചിരുന്ന ലക്ഷ്യവും ഉണ്ടായ നേട്ടവും പട്ടിക 1. 2ൽ കൊടുത്തിരിക്കുന്നു. 8 ാം പദ്ധതി മുതൽ 11 ാം പദ്ധതി വരെ (1992 - 2012) പദ്ധതി ലക്ഷ്യം പൂർത്തിയാക്കുന്നതിലുണ്ടായ ശരാശരി നേട്ടം 58.6 ശതമാനമാണ്. 4 മുതൽ 7 വരെ പദ്ധതികളിൽ (1969 - 90) ഇത് 78.5 ശതമാനമായിരുന്നു. 1992 മുതൽ 2012 വരെ

**പട്ടിക 1. 2**

**സ്ഥാപിതശേഷി കൂട്ടിച്ചേർക്കൽ**
**ലക്ഷ്യവും നേട്ടവും**

| Plan Period | Target MW | Achievement MW | % Achievement |
|---|---|---|---|
| 1st Plan (1951-56) | 1300 | 1100 | 84.6 |
| 2nd Plan (1956-61) | 3500 | 2250 | 64.3 |
| 3rd Plan (1961-66) | 7040 | 4520 | 64.2 |
| Annual Plan (1966-69) | 54.30 | 4120 | 75.8 |
| 4th Plan (1969-74) | 9264 | 4579 | 49.5 |
| 5th Plan (1974-79) | 12499 | 10202 | 81.6 |
| Annual Plan (1979-80) | 2813 | 1799 | 63.9 |
| 6th Plan (1980-85) | 19666 | 14226 | 72.3 |
| 7th Plan (1985-90) | 22245 | 21401 | 96.2 |
| Annual Plan (1990-91) | 4212 | 2776 | 65.8 |
| Annual Plan (1991-92) | 3811 | 3027 | 79.4 |
| 8th Plan (1992-97) | 30538 | 16423 | 53.8 |
| 9th Plan (1997-2002) | 40245 | 19119 | 47.5 |
| 10th Plan (2002-07) | 41110 | 21180 | 51.5 |
| 11th Plan (2007-12) | 78700 | 54963.9 | 69.84 |
| 12th Plan (2012-17) | 88537 | 88928 (As on 31.10.16) | 100.44 |

വ യുള്ള കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ സ്വകാര്യമേഖലക്ക് കൈവരിക്കാനായ നേട്ടം 66.8 ശതമാനം മാത്രമാണ്. 8, 9, 10 പഞ്ചവത്സര പദ്ധതികളിൽ പണി പൂർത്തിയാകാതിരുന്ന പദ്ധതി കൾ പിന്നീട് പൂർത്തിയായതുകൊണ്ടാണ് 11, 12 പഞ്ചവത്സരപദ്ധതികളിൽ ലക്ഷ്യത്തേക്കാൾ കൂടുതൽ നേട്ടം കൈവരിക്കാൻ സ്വകാര്യമേഖലക്ക് സാധിച്ചത്.

1990-91ൽ 15.53 ശതമാനം പീക്ക് കമ്മിയും 7.87 ശതമാനം ഊർജ്ജ കമ്മിയും ഉണ്ടായിരുന്നു. 2013 വരെ ഈ കടുത്തക്ഷാമം തുടർന്നു. 2012 - 13ൽ 9 ശതമാനം പീക്ക് കമ്മിയും 8.7 ശതമാനം ഊർജ്ജ കമ്മിയും അനുഭവപ്പെട്ടു. 2013 ഡിസംബർ 31ന് റെയ്ച്ചൂർ - ഷോലാപ്പൂർ 765 കെ വി ലൈൻ കമ്മീഷൻ ചെയ്ത് ദേശീയ ഗ്രിഡ് നിലവിൽ വന്നതോടെയാണ് കടുത്ത വൈദ്യുതി ക്ഷാമത്തിന് വലിയൊരളവ് ശമനമുണ്ടായത്. 2015 - 16ൽ 3.2 ശതമാനം പീക്ക് കമ്മിയും 2 ശതമാനം ഊർജ്ജക്കമ്മിയും നിലനിൽക്കുന്നു.

2016 ഒക്ടോബർ 31ലെ കണക്കനുസരിച്ച് ഇന്ത്യയിലെ മൊത്തം സ്ഥാപിതശേഷി

3,07,278 മെഗാവാട്ടാണ്. ഇതിൽ 25 ശതമാനം കേന്ദ്ര ഉടമസ്ഥതയിലും 33 ശതമാനം സംസ്ഥാന ഉടമസ്ഥതയിലും 42 ശതമാനം സ്വകാര്യ ഉടമസ്ഥതയിലുമാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള 1,29,624 മെഗാവാട്ടിൽ 43,942 മെഗാവാട്ടും (34 ശതമാനം) റിന്യൂവബിൾ സ്രോതസ്സുകളിൽ നിന്നുള്ളതാണ്. പുനരുപയോഗ സാദ്ധ്യതയുള്ള സ്രോതസ്സുകളിൽ (RES) നിന്നുള്ള മൊത്തം സ്ഥാപിതശേഷിയുടെ (45,917 MW) 95.7 ശതമാനവും സ്വകാര്യമേഖലയിലാണ്.

3 ലക്ഷം മെഗാവാട്ടിനു മേൽ സ്ഥാപിതശേഷി ഉണ്ടെങ്കിലും പീക്ക് ലോഡ് സമയത്ത് ലഭ്യമാകുന്നത് 1,56,934 മെഗാവാട്ട് മാത്രമാണ്. 1.6 ശതമാനം പീക്ക് കമ്മി നിലനിൽക്കുന്നു. ആദ്യത്തെ വൈദ്യുതി നിലയങ്ങളുടെ പ്ലാന്റ് ലോഡ് ഫാക്ടർ ഓരോ വർഷവും കുറഞ്ഞു കൊണ്ടിരിക്കുന്നു. 2009 - 10ൽ 77.68% ഉണ്ടായിരുന്നത് 2015 - 16ൽ 62.29% ആയി. 2016 ഒക്ടോബറിലെ കണക്കനുസരിച്ച് അത് 60.09 ശതമാനമാണ്. ഇന്ധനക്ഷാമം ഇതിനൊരു പ്രധാന കാരണമാണ്. 1973 - 74 വരെ കൽക്കരി കയറ്റുമതി ചെയ്യുന്ന രാജ്യമായിരുന്നു ഇന്ത്യ. 90കളോടെ വൻതോതിൽ കൽക്കരി ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറി. പന്ത്രണ്ടാം പദ്ധതി അവസാനിക്കുന്നതോടെ കൽക്കരി ഇറക്കുമതി 250 മില്യൺ ടൺ കടക്കുമെന്നാണ് പ്ലാനിംഗ് കമ്മീഷൻ കണക്കാക്കിയിരിക്കുന്നത്. പുതുതായി നിർമ്മിക്കുന്ന കൽക്കരി നിലയങ്ങൾ ഇറക്കുമതി കൽക്കരി ഉപയോഗപ്പെടുത്തുന്നതിന് അനുയോജ്യമായ തരത്തിലാണ് രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഇറക്കുമതിയെ ആശ്രയിക്കാതെ പറ്റില്ല എന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. കോൾ ഇന്ത്യ ലിമിറ്റഡിനെ ശക്തിപ്പെടുത്തികൊണ്ടു മാത്രമേ രാജ്യത്തെ കല്ക്കരി ഉല്പാദനം മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ.

## ആണവ വൈദ്യുതി

ഇന്ത്യയിൽ ആണവ വൈദ്യുതി നിലയങ്ങളുടെ ഇപ്പോഴത്തെ ശേഷി 5780 മെഗാവാട്ടാണ്. ഇത് മൊത്തം സ്ഥാപിത ശേഷിയുടെ 2 ശതമാനത്തിൽ താഴെ മാത്രമാണ്. നമ്മുടെ മൂന്നുഘട്ട ആണവ പദ്ധതിയിൽ രണ്ടാം ഘട്ടമായ ഫാസ്റ്റ് ബ്രീഡർ റിയാക്ടർ വികസിപ്പിച്ചെടുക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. 500 മെഗാവാട്ടിന്റെ ആദ്യ നിലയം കൽപ്പാക്കത്ത് കമ്മീഷൻ ചെയ്യാൻ കഴിയുന്ന നിലയിൽ എത്തിയിട്ടുണ്ട്. മൂന്നാം ഘട്ട ആണവ പരിപാടി വിജയിച്ചാൽ തോറിയം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന സ്ഥിതി ഉണ്ടാകും. ധാരാളം തോറിയം നിക്ഷേപമുള്ള രാജ്യമാണ് ഇന്ത്യ. രാജ്യത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് മൂന്നാംഘട്ട ആണവ പരിപാടിയുടെ വിജയം സഹായിക്കും. പാരീസ് ഉടമ്പടി പ്രകാരം അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് കുറക്കുന്നതിന് കൽക്കരി നിലയങ്ങളിലുള്ള ആശ്രിതത്വം കുറക്കേണ്ടി വരും. ഇതിന് പകരമായി കൂടുതൽ ആണവ നിലയങ്ങൾ ആവശ്യമായിവരും. ഇന്ത്യയെ ആണവ പരീക്ഷണങ്ങളിൽ നിന്ന് വിലക്കുകയും ആണവ ഇന്ധനത്തിന്റെ സമ്പുഷ്ടീകരണം തടയുകയും ചെയ്യുന്ന ഇന്തോ - അമേരിക്കൻ ആണവക്കരാർ നമ്മുടെ മൂന്നാം ഘട്ട ആണവ പരിപാടിയെ തകർക്കുന്നതാണ്. അമേരിക്കൻ കമ്പനികളുടെ റിയാക്ടറുകൾ ഇന്ത്യയിൽ വിറ്റഴിക്കുക എന്ന ലക്ഷ്യമാണ് അതിനുള്ളത്.

## സ്വകാര്യ കുത്തകവൽക്കരണം

സ്വകാര്യ സംരംഭകർക്ക് വൈദ്യുതി മേഖലയിൽ പ്രവേശനം നൽകാൻ ഒരു കാരണമായി പറഞ്ഞിരുന്നത് മത്സരത്തിലൂടെ വൈദ്യുതിനിരക്ക് കുറയും എന്നാണ്. ഉത്പാദന മേഖല ഇന്ന് വൻകിട സ്ഥാപനങ്ങളായ അദാനി, ടാറ്റ, റിലയൻസ് എന്നിവരുടെ കൈയിലാണ്. ലയനത്തിലൂടെയും ഏറ്റെടുക്കലിലൂടെയുമാണ് ഇത് സാധിച്ചത്. തങ്ങൾക്കിടയിലുള്ള മത്സരം ലാഭം വർദ്ധിപ്പിക്കാൻ സഹായകമല്ല എന്ന് മനസ്സിലാക്കി ഇവർ ഒത്തുകളിച്ച് വൈദ്യുതിയുടെ വിലകൂട്ടാൻ ശ്രമിക്കുന്നു.

ഡൽഹിയിലെ സ്വകാര്യ വൈദ്യുതി നിലയങ്ങൾ ചെലവ് പെരുപ്പിച്ച് കാണിച്ച് 8000 കോടി തട്ടിപ്പ് നടത്തിയത് സി എ ജി റിപ്പോർട്ടിലൂടെ പുറത്തുവന്നതാണ്. പെരുപ്പിച്ച കണക്കിന്റെ അടിസ്ഥാനത്തിൽ വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കാനാണ് റിലയൻസും, ടാറ്റാ പവറും ശ്രമിച്ചത്.

പൊതുമേഖലയുടെ കുത്തക അവസാനിപ്പിച്ച് മത്സരം കൊണ്ടു വന്നാൽ മാത്രമേ വൈദ്യുതിമേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകു എന്ന് പറഞ്ഞാണ് സ്വകാര്യ മേഖലയെ കൊണ്ടുവന്നത്. സ്വകാര്യമേഖലയുടെ കുത്തകവൽക്കരണമാണ് നടന്നുകൊണ്ടിരിക്കുന്നത്.

02

# വൈദ്യുതി വിതരണ മേഖലയിൽ പൂർണ്ണ പരാജയം

- **വിതരണ സ്ഥാപനങ്ങളുടെ സാമ്പത്തിക നഷ്ടവും കടവും വർദ്ധിച്ചു**
- **ഗവൺമെന്റ് നൽകേണ്ട സബ്സിഡി പല മടങ്ങ് വർദ്ധിച്ചു**
- **എ റ്റി & സി നഷ്ടത്തിൽ കാര്യമായ കുറവ് ഇല്ല**

## പരിഷ്കാരങ്ങളുടെ രണ്ടാം ഘട്ടം

ഇന്ത്യയിൽ വൈദ്യുതി മേഖലാ പരിഷ്കാരങ്ങളുടെ രണ്ടാം ഘട്ടം തുടങ്ങുന്നത് 1995ൽ ഒറീസ്സയിൽ വൈദ്യുതി ബോർഡിനെ വിഭജിക്കാനും തുടർന്ന് സ്വകാര്യവൽക്കരിക്കാനും നടത്തിയ നീക്കത്തോടെയാണ്. ഒറീസ്സ, ഹരിയാന, ആന്ധ്രാ പ്രദേശ്, ഉത്തർ പ്രദേശ്, കർണ്ണാടക, രാജസ്ഥാൻ, ഡൽഹി, മദ്ധ്യ പ്രദേശ് എന്നീ 8 സംസ്ഥാനങ്ങളിൽ 2000മാണ്ടോടെ വൈദ്യുതി ബോർഡുകളുടെ വിഭജനം നടത്തി. സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകൾക്കുള്ള വമ്പിച്ച സാമ്പത്തിക നഷ്ടം, ഗവൺമെന്റുകൾ വഹിക്കേണ്ടിവരുന്ന ഭാരിച്ച സബ്സിഡി, ഉയർന്ന എ റ്റി & സി നഷ്ടം തുടങ്ങിയവയാണ് ഇലക്ട്രിസിറ്റി ബോർഡുകളെ വിഭജിക്കുന്നതിനായി പറഞ്ഞ ന്യായങ്ങൾ.

1998ൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് നിലവിൽ വന്നു. സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനുകൾ എന്നിവ നിലവിൽ വരുന്നത് ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്.

വൈദ്യുതി ബോർഡുകളുടെ വിഭജനത്തിന്റെ മാതൃക ഇന്ത്യയൊട്ടാകെ വ്യാപിപ്പിക്കാനും വൈദ്യുതി മേഖലയുടെ കമ്പോളവൽക്കരണവും സ്വകാര്യവൽക്കരണവും ലക്ഷ്യം വെച്ചു കൊണ്ടുമുള്ള സമഗ്രമായൊരു ബില്ലിന്റെ കരട് പുറത്തിറക്കിയത് 2000ലാണ്. വൈദ്യുതി മേഖലയിൽ ഇത്തരത്തിലൊരു നിയമം ഉണ്ടാക്കാൻ പോകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കെതിരെ നിരവധി സമരങ്ങൾ ഈ മേഖലയിലെ തൊഴിലാളികളും

ബഹുജന സംഘടനകളും നടത്തിയതിനെ തുടർന്ന് നിയമനിർമ്മാണം നീണ്ടുപോയി.

## മൂന്നാം ഘട്ട പരിഷ്കാരങ്ങൾ

2003 ജൂൺ 10ന് പുതിയ ഇലക്ട്രിസിറ്റി ആക്ട് നടപ്പായതോടെയാണ് പരിഷ്കരണങ്ങളുടെ മൂന്നാം ഘട്ടം തുടങ്ങുന്നത്. ഇന്ത്യയിലെ വൈദ്യുതി മേഖലയിൽ അതുവരെ നിലനിന്നിരുന്ന ഇലക്ട്രിസിറ്റി ആക്ട് 1910, ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 1948, ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് 1998 എന്നിവ ഈ നിയമം നിലവിൽ വന്നതോടെ അസാധുവായി. 2003 ൽ കേന്ദ്രം ഭരിച്ചിരുന്ന ബി.ജെ.പി നേതൃത്വത്തിലുള്ള എൻ ഡി എ മുന്നണിയും പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സും ചേർന്നാണ് ഇലക്ട്രിസിറ്റ് ആക്ട് 2003 പാർലമെന്റിൽ പാസ്സാക്കിയെടുത്തത്. ഇടതുപക്ഷ കക്ഷികൾ പാർലമെന്റിൽ ഈ നിയമത്തെ എതിർത്തു.

വൈദ്യുതി വിതരണ മേഖലയിൽ സ്വകാര്യവൽക്കരണ നടപടികൾ ഉദ്ദേശിച്ച രീതിയിൽ നടന്നില്ല എന്നതുകൊണ്ട് അത് കൂടുതൽ തീവ്രമായി നടപ്പാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് 2013ൽ ഭേദഗതി ബിൽ കൊണ്ടുവന്നത്. 2013ൽ ബില്ലിന് രൂപം കൊടുത്തത് കോൺഗ്രസ്സ് നേതൃത്വം നൽകിയ യു.പി.എ സർക്കാരാണ്. വൈദ്യുതി വിതരണ മേഖലയെ സപ്ലൈ ലൈസൻസികൾ, വിതരണ ലൈസൻസി എന്നിങ്ങനെ പലതായി വിഭജിച്ച് സ്വകാര്യവൽക്കരിക്കാൻ ലക്ഷ്യം വെക്കുന്നതാണ് വൈദ്യുതി (ഭേദഗതി) ബിൽ 2013. വൈദ്യുതി ജീവനക്കാർ നടത്തിയ പ്രക്ഷോഭങ്ങളെ തുടർന്ന് ബില്ലിലെ പല വ്യവസ്ഥകളിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായി.

## പരിഷ്കരണ നടപടികളുടെ അനുഭവം

ഒറീസ്സയിലാണ് വൈദ്യുതി ബോർഡുകൾ വിഭജിക്കുകയും സ്വകാര്യവൽക്കരിക്കുകയും ചെയ്യുക എന്ന നയം ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയത്. 1999ൽ അവിടെ വിതരണ മേഖലയെ നാല് കമ്പനികളാക്കി. ഒരെണ്ണം അമേരിക്കൻ കമ്പനിയായ എ ഇ എസ് കോർപ്പറേഷനും ബാക്കി മൂന്നെണ്ണം ബി എസ് ഇ എസ് നും (ഇപ്പോൾ റിലയൻസ്) നൽകി. വൈദ്യുതി വിതരണം കാര്യക്ഷമമായി നടത്തിക്കൊണ്ടു പോവാൻ സാധിക്കാതെ വന്നതിനാൽ 2001ൽ തന്നെ എ ഇ എസ് കോർപറേഷൻ പിന്മാറുകയും കമ്പനിയുടെ ചുമതല തിരികെ ഗവണ്മെന്റ് പ്രതിനിധി ഏറ്റെടുക്കുകയും ചെയ്തു. റിലയൻസിന്റെ 3 കമ്പനികളുടെ പ്രവർത്തിയിലുണ്ടായ ഗുരുതരമായ വീഴ്ചകളെ തുടർന്ന് 2015 മാർച്ച് മാസത്തിൽ ഈ കമ്പനികളുടെ ലൈസൻസ് റഗുലേറ്ററി കമ്മീഷൻ റദ്ദ് ചെയ്യുകയും അവയുടെ നടത്തിപ്പ് അഡ്മിനിസ്ട്രേറ്ററെ ഏല്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതോടെ ഒറീസ്സയിലെ വൈദ്യുതി മേഖലാ പരിഷ്കാരങ്ങളുടെ തകർച്ച പൂർണ്ണമായി.

## അനുഭവങ്ങൾ വിലയിരുത്തുന്ന റിപ്പോർട്ടുകൾ

ഇന്ത്യയിൽ വൈദ്യുതി മേഖലയിൽ നടത്തിയ പരിഷ്കരണങ്ങളുടെ അനുഭവങ്ങൾ വിലയിരുത്തിക്കൊണ്ട് പല റിപ്പോർട്ടുകളും ഇതിനകം പുറത്തുവന്നിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷൻ നിയമിച്ച ഷുഗ്ലു കമ്മിറ്റി റിപ്പോർട്ട്, ഇന്ത്യയിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങ

ുത്തിക്കൊണ്ട് പവർ ഫൈനാൻസ് കോർപറേഷൻ ഇറക്കുന്ന റിപ്പോർട്ടുകൾ, കേന്ദ്ര ധനമന്ത്രാലയവും പ്ലാനിംഗ് കമ്മീഷനും ആവശ്യപ്പെട്ട പ്രകാരം ലോകബാങ്ക് 2014 ജൂണിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് എന്നിവ ഇതിൽ ശ്രദ്ധേയമാണ്.

## റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ

വൈദ്യുതി വിതരണ യൂട്ടിലിറ്റികളുടെ അക്കൗണ്ടിംഗ് രീതികളെ പറ്റി പഠിക്കാൻ പ്ലാനിംഗ് കമ്മീഷനാണ് ഷുഗ്ലു കമ്മിറ്റിയെ നിയമിച്ചത്. ഇതിന്റെ ഭാഗമായി 2005 മുതൽ 2010 വരെയുള്ള കണക്കുകൾ ഈ കമ്മിറ്റി പരിശോധിച്ചു. വിതരണ യൂട്ടിലിറ്റികളുടെ സഞ്ചിത കടം 1.55 ലക്ഷം കോടിയാണെന്നും വാർഷിക നഷ്ടം 70,000 കോടിയോളം രൂപയാണെന്നും വിതരണം ചെയ്യുന്ന ഓരോ യൂണിറ്റിനും ശരാശരി 60 പൈസ നഷ്ടം സംഭവിക്കുന്നതായും ഈ റിപ്പോർട്ടിൽ പറയുന്നു.

ലോകബാങ്ക് 2014 ജൂണിൽ പുറത്തിറക്കിയ റിപ്പോർട്ടിലും ഇക്കാര്യം ശരിവെക്കുന്നുണ്ട്. 2003 മുതൽ 2011 വരെയുള്ള കാലഘട്ടമാണ് ഈ റിപ്പോർട്ടിൽ പഠന വിധേയമാക്കിയത്. ഇന്ത്യയിലെ അറുപതോളം വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനപരവും സാമ്പത്തികവുമായ കാര്യങ്ങൾ ഈ റിപ്പോർട്ടിൽ ലോകബാങ്ക് വിശദമായി പരിശോധിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിലെ പരിഷ്കരണങ്ങളുടെ അതുവരെയുള്ള നേട്ടങ്ങളും റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുണ്ട്.

വിതരണ യൂട്ടിലിറ്റികളുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഷുഗ്ലു കമ്മിറ്റിയുടെ കണ്ടെത്തലുകളെ ശരിവെക്കുന്ന കാര്യങ്ങളാണ് വേൾഡ് ബാങ്ക് റിപ്പോർട്ടിലുള്ളത്. 2011ലെ മൊത്തം നഷ്ടം 2003ലേതിന്റെ ഇരട്ടിയിലധികമായതായും വായ്പാ ബാദ്ധ്യത 2011ൽ 3.5 ലക്ഷം കോടി രൂപയായി വർദ്ധിച്ചു എന്നും ഈ റിപ്പോർട്ടിൽ പറയുന്നു. നഷ്ടം ഭാഗികമായി നികത്തുന്നതിനു വേണ്ടി സംസ്ഥാന ഗവണ്മെന്റുകൾക്ക് വൻ സബ്സിഡി ഭാരം വഹിക്കേണ്ടി വരുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## പരിഷ്കരണങ്ങളുടെ പ്രധാന നേട്ടങ്ങളായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ

1. ഉല്പാദന ശേഷി 1991നെ അപേക്ഷിച്ച് 3 ഇരട്ടി വർദ്ധിച്ചു
2. പാരമ്പര്യേതര ഊർജ്ജ ഉല്പാദനശേഷിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി.
3. ദേശീയ ഗ്രിഡ് നിലവിൽ വന്നു.
4. വൈദ്യുതി കമ്പോളം നിലവിൽ വന്നു.
5. ഗ്രാമങ്ങളിലെ വൈദ്യുതി ലഭ്യതയിൽ വലിയ പുരോഗതി കൈവരിച്ചു.
6. വിതരണ രംഗത്ത് ഫ്രാഞ്ചൈസി പോലുള്ള സംരംഭങ്ങൾക്ക് തുടക്കമിട്ടു.

ഉല്പാദന രംഗത്തെ കാര്യങ്ങൾ ഒന്നാം അദ്ധ്യായത്തിൽ വിശദമായി പരിശോധിച്ചതാണ്. പരിഷ്കരണത്തിന്റെ കാലഘട്ടത്തിൽ അതിനു മുമ്പത്തെ കാലഘട്ടത്തിലേക്കാൾ സ്ഥാപിതശേഷി വളർച്ചാനിരക്ക് പിറകോട്ട് പോയി എന്ന് നാം കണ്ടതാണ് (8.29 % ൽ നിന്നും 6.27 % ആയി കുറഞ്ഞു).

പാരമ്പര്യേതര ഊർജ്ജ ഉല്പാദന വർദ്ധനവിനും, ദേശീയ ഗ്രിഡ് രൂപീകരണത്തിനും, ഗ്രാമ വൈദ്യുതീകരണത്തിനും വഴിവെച്ചത് ഈ പരിഷ്കരണ നടപടികളല്ല എന്ന് വ്യക്തമാണ്. ഈ കാലയളവിലെ പൊതു നേട്ടങ്ങളായേ അവയെ കാണേണ്ടതുള്ളൂ.

## ഗ്രാമീണ വൈദ്യുതീകരണം

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് ആയിരത്തി അഞ്ഞൂറ് ഗ്രാമങ്ങൾ മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടിരുന്നത്. ഗ്രാമ വൈദ്യുതീകരണം ത്വരിതപ്പെ ടുത്തുന്നതിനു വേണ്ടി 1969ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ ഇ സി) രൂപീകൃതമായി. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 1990 - 91ലെ വാർഷിക റിപ്പോർട്ട് പ്രകാരം 1991 മാർച്ച് മാസത്തിൽ ഇന്ത്യയിൽ 4,78,966 ഗ്രാമങ്ങൾ വൈദ്യുതീകരിക്കപ്പെട്ടിരുന്നു. ഇത് 1981ലെ സെൻസസ് അനുസരിച്ചുള്ള മൊത്തം ഗ്രാമങ്ങളുടെ 83 ശതമാനത്തോളം വരും. കേരളം, ഗോവ, ആന്ധ്രപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ മുഴുവൻ ഗ്രാമങ്ങളും 1991ഓടെ വൈദ്യുതീകരിക്കപ്പെട്ട് കഴിഞ്ഞിരുന്നു.

2015 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനത്തിൽ അന്ന് വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 18500 ഗ്രാമങ്ങൾ ആയിരം ദിവസത്തിനകം വൈദ്യുതീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഇതു പ്രകാരം 2018 മെയ് മാസത്തോടെ ഇന്ത്യയിൽ ഗ്രാമ വൈദ്യുതീകരണം പൂർത്തിയാക്കേണ്ടതാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടിയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് 7423 ഗ്രാമങ്ങൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഗ്രാമ വൈദ്യുതീകരണത്തിലുണ്ടായ പുരോഗതി വ്യക്തമാക്കുന്ന പട്ടിക 2. 1ൽ കൊടുത്തിരിക്കുന്നു.

## ഗ്രാമ വൈദ്യുതീകരണവും ഇടതുപക്ഷവും

2004ൽ കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു പി എ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത് ഇടതുപക്ഷ കക്ഷികളുടെ പിന്തുണയോടെ ആയിരുന്നു. ഒരു പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിലായിരുന്നു ഇടതുപക്ഷത്തിന്റെ പിന്തുണ. ഇടതുപക്ഷത്തിന്റെ സമ്മർദ്ദഫലമായി വൈദ്യുതി മേഖല സംബന്ധിച്ച രണ്ട് കാര്യങ്ങൾ പൊതു മിനിമം പരിപാടിയിൽ ഉൾപ്പെടുത്തി.

1. വൈദ്യുതി നിയമം പുനഃപ്പരിശോധിക്കും.
2. വൈദ്യുതി ബോർഡുകളെ പുതിയ രൂപത്തിൽ പരിവർത്തനം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി സംസ്ഥാന ഗവൺമെന്റുകളുടെ ആവശ്യാനുസരണം മാറ്റിവെക്കും

ഗ്രാമ വൈദ്യുതീകരണത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പിന്മാറി, പകരം പഞ്ചായത്തുകൾ, സന്നദ്ധ സംഘടനകൾ എന്നിവയെ ചുമതലയേല്പിക്കുന്ന സമീപനമാണ് വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 5,6 എന്നി

## പട്ടിക 2. 1

### ഗ്രാമവൈദ്യുതീകരണം - നേട്ടം - പഞ്ചവത്സരപദ്ധതികളിലൂടെ

| Plan/Year | No. of Villages electrified | Completed % |
|---|---|---|
| Upto 15.08.1947 | 1500 | |
| 31.12.1950 | 3061 | |
| End of 1st Plan (31.3.1956) | 7294 | |
| End of 2nd Plan (31.3.1961) | 21754 | |
| End of 3rd Plan (31.3.1966) | 45148 | |
| End of Annual Plan (31.3.1969) | 73739 | |
| End of 4th Plan (31.3.1974) | 156729 | |
| End of 5th Plan (31.3.1979) | 232770 | |
| End of Annual Plan (31.3.1980) | 249799 | |
| End of 6th Plan (31.3.1985) | 370332 | 64% |
| End of 7th Plan (31.3.1990) | 470838 | 81.4% |
| End of Annual Plan (31.3.1992) | 487170 | 84% |
| End of 8th Plan (31.3.1997) | 498836 | 85% |
| End of 9th Plan (31.3.2002) | 512153 | |
| End of 10th Plan (31.3.2007) | 482864* | |
| End of 11th Plan (31.3.2012) | 556633 | |
| End of 4th year of 12th Plan (31.3.2016) | 586065 | |
| As on 31.11.2016 | 590041 | 98.75% |

**Source: CEA site**

* സംസ്ഥാനങ്ങൾ ഡാറ്റയിൽ തിരുത്തൽ വരുത്തിയതിന്റെ ഭാഗമായി വന്ന കുറവ്

്നിവിയിൽ ഉണ്ടായിരുന്നത്.

ഇടതുപക്ഷ കക്ഷികളുടെ ശക്തമായ നിലപാടിനെ തുടർന്നാണ് 2005 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച വൈദ്യുതി നയത്തിൽ, ഗ്രാമീണ വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ ഇലക്ട്രിസിറ്റി ആക്ട് 2003ലെ നിലപാടുകളിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറായത്. ഗ്രാമ വൈദ്യുതീകരണത്തിന് പ്രത്യേകം തുക വകക്കൊള്ളിച്ച് മൂലധന സഹായം സംസ്ഥാന ഗവണ്മെന്റുകൾക്ക് നൽകി ഗ്രാമ വൈദ്യുതീകരണം ത്വരിതപ്പെടുത്താമെന്ന് പുതിയ നയത്തിൽ പറഞ്ഞിരുന്നു. ഇതിന്റെ ഭാഗമായാണ് കേന്ദ്ര ഗവണ്മെന്റ് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന (ആർ ജി ജി വി വൈ) പദ്ധതി പ്രഖ്യാപിച്ചത്.

ലൈനുകൾ നിർമ്മിച്ച് കണക്ഷൻ നൽകിയാലും ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കാൻ കഴിയണമെങ്കിൽ വൈദ്യുതി നിരക്കിൽ സബ്സിഡി

നൽകിയെങ്കിലേ കഴിയൂ എന്ന് ഇടതുപക്ഷ പാർട്ടികളും വൈദ്യുതി ജീവനക്കാരുടെ ഏകോപന സമിതിയും (എൻ സി സി ഒ ഇ ഇ ഇ) ചൂണ്ടിക്കാട്ടുകയുണ്ടായി. ഗ്രാമപ്രദേശങ്ങളിൽ 30 യൂണിറ്റ് വരെ പ്രതിമാസം വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വൈദ്യുതി നിരക്കിൽ ക്രോസ് സബ്സിഡി നൽകാമെന്ന് പുതിയ വൈദ്യുതി നയത്തിൽ പ്രഖ്യാപിച്ചത് ഈ സമ്മർദ്ദങ്ങൾ കൊണ്ടാണ്.

2012 ഓടെ എല്ലാവർക്കും വൈദ്യുതി എന്നാണ് 2005ലെ ദേശീയ വൈദ്യുതി നയം ലക്ഷ്യമിട്ടിരുന്നത്. ഇന്ത്യയിൽ 23.7 കോടി ജനങ്ങൾക്ക് ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല എന്നാണ് സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നത്. വൈദ്യുതിയെത്തിയ ഗ്രാമങ്ങളിൽ പലതിലും ദിവസത്തിൽ 8 മണിക്കൂർ പോലും വൈദ്യുതി ലഭ്യമല്ല. വൻ പട്ടണങ്ങളിൽ പോലും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന വൈദ്യുതി തടസ്സങ്ങൾ അനുഭവപ്പെടുന്നു.

## വൈദ്യുതി കമ്പോളം

ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്ന് 5 വർഷം കൊണ്ട് തന്നെ വൈദ്യുതി കമ്പോളം സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ് പരിഷ്കരണങ്ങളുടെ ഒരു പ്രധാന നേട്ടമായി ചൂണ്ടിക്കാണിക്കുന്നത്. കമ്പോളത്തിലെ മത്സരത്തിന്റെ ഭാഗമായി വൈദ്യുതിയുടെ വില കുറയുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. എന്നാൽ 1991ൽ ഒരു യൂണിറ്റ് വൈദ്യുതി വിതരണം ചെയ്യുന്നതിന് ശരാശരി ചെലവ് 109 പൈസ ആയിരുന്നത് ഇന്ന് 520 പൈസയാണ്. 5 ഇരട്ടിയോളമാണ് വൈദ്യുതി വിതരണച്ചെലവ് വർദ്ധിച്ചിരിക്കുന്നത്. വൈദ്യുതി വാങ്ങൽച്ചിലവിലുണ്ടായ വലിയ വർദ്ധനവാണ് ഇതിന് മുഖ്യകാരണം. ഊഹക്കച്ചവടക്കാരും, സ്വകാര്യ നിലയ ഉടമകളും, കമ്പോളത്തിലെ ഇടനിലക്കാരും ചേർന്ന് വൈദ്യുതി കമ്പോളത്തിൽ നടത്തിയ ഇടപെടലുകളെ തുടർന്ന് വില ഉയരുകയും അതിന്റെ ഗുണം സ്വകാര്യ മുതലാളിമാർക്ക് ലഭിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വിതരണ സ്ഥാപനങ്ങൾ വലിയ നഷ്ടം സഹിക്കേണ്ടിവന്നു.

വാങ്ങൽ ശേഷി കുറഞ്ഞ വിതരണക്കമ്പനികൾ വലിയ വിലകൊടുത്ത് വൈദ്യുതി വാങ്ങാൻ മടിക്കുന്നതിനാൽ പവർ എക്സ്ചേഞ്ചുകളുടെ ഇടപാടുകൾ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടു പോകാൻ ഇപ്പോൾ കഴിയുന്നില്ല.

## ഫ്രാഞ്ചൈസി സമ്പ്രദായം

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തത്തിനുള്ള ഒരു രീതിയെന്ന നിലക്കാണ് ഫ്രാഞ്ചൈസി സമ്പ്രദായം കൊണ്ടുവന്നത്. ഒറീസ്സയിലേയും ഡൽഹിയിലേയും മറ്റും സ്വകാര്യവൽക്കരണ നടപടികളുടെ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ നേരിട്ടുള്ള സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന് സംസ്ഥാനങ്ങൾ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ് ഫ്രാഞ്ചൈസി സമ്പ്രദായം എന്ന നിർദ്ദേശം വരുന്നത്. 2007ൽ മഹാരാഷ്ട്രയിലെ ഭീവണ്ടി എന്ന സ്ഥല ത്താണ് ഇന്ത്യയിൽ ആദ്യമായി ഈ സമ്പ്രദായം നിലവിൽ വന്നത്. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും, റവന്യൂ കളക്ഷൻ മെച്ചപ്പെടുത്തുന്നതിനും ഈ സമ്പ്രദായം നല്ലതാണെന്നാണ് പ്രചരിപ്പിക്കപ്പെട്ടത്. ഫ്രാഞ്ചൈസി

ാഞ്ചൈസികൾ പിരിച്ചെടുത്ത തുക വിതരണകമ്പനിക്ക് അടയ്ക്കാതെ തിരിമറി ചെയ്യുന്നത് ഇന്ന് നിത്യസംഭവമായിരിക്കുന്നു. അത്യാവശ്യം വേണ്ട അറ്റകുറ്റ പണികൾ പോലും നടത്താൻ മിക്ക ഫ്രാഞ്ചൈസികളും തയ്യാറാകുന്നില്ല. പിരിച്ചെടുത്ത കറണ്ട് ചാർജ്ജ് അടക്കാത്തതിനെ തുടർന്ന് മഹാരാ ഷ്ട്രയിലെ ഔറംഗബാദ്, ജൽഗോൺ എന്നീ നഗരങ്ങളിലെ ഫ്രാഞ്ചൈസികളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടിവന്നു. ഒറീസ്സ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിലവിലുള്ള ഫ്രാഞ്ചൈസികൾക്കെതിരെ വലിയ ജനകീയ പ്രക്ഷോഭങ്ങൾ നടക്കുന്നു. ഇന്ത്യയിലെ പല നഗരങ്ങളിലും പുതിയ ഫ്രാഞ്ചൈസികളെ ഏല്പിക്കാനുള്ള ശ്രമങ്ങൾക്കെതിരെയും ജനങ്ങൾ പ്രക്ഷോഭത്തിലാണ്. ഫ്രാഞ്ചൈസി സമ്പ്രദായവും പരാജയമാണെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

## വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം - പി എഫ് സി റിപ്പോർട്ട്

ഇന്ത്യയിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ട് 2016 ജൂൺ മാസത്തിൽ പവർ ഫൈനാൻസ് കോർപറേഷൻ പുറത്തിറക്കിയ റിപ്പോർട്ടിൽ 2015 മാർച്ച് മാസം വരെയുള്ള ചില കണക്കുകൾ കൊടുത്തിട്ടുള്ളത് ഇപ്രകാരമാണ്.

| | |
|---|---|
| രാജ്യത്തെ വിതരണ സ്ഥാപനങ്ങളുടെ ആകെ നഷ്ടം | : 3.6 ലക്ഷം കോടി |
| കടബാദ്ധ്യത | : 4.06 ലക്ഷം കോടി |
| ഗവണ്മെന്റ് നൽകേണ്ടിവരുന്ന സബ്സിഡി | : 48,181 കോടി |
| എ റ്റി & സി നഷ്ടം | : 24.62 % |

വിതരണ സ്ഥാപനങ്ങളുടെ ആകെ നഷ്ടം, കടബാദ്ധ്യത, ഗവണ്മെന്റ് നൽകേണ്ടിവരുന്ന സബ്സിഡി എന്നിവ 2003നെ അപേക്ഷിച്ച് എത്രയോ മടങ്ങ് വർദ്ധിച്ചതായി കാണാൻ കഴിയും. 2003 മുതൽ 2011 വരെയുള്ള കാലയളവിൽ നഷ്ടം പ്രതിവർഷം 9 % നിരക്കിലും വായ്പാ ബാദ്ധ്യത പ്രതിവർഷം 23 % കണ്ടും വർദ്ധിച്ചതായി വേൾഡ് ബാങ്ക് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സബ്സിഡി ആവശ്യകത 2003 - 04ൽ 10 893 കോടി രൂപ ആയിരുന്നത് 2014 - 15ൽ 48,181 കോടി രൂപയായി വർദ്ധിച്ചതായി പി എഫ് സി റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാകുന്നു.

## എ റ്റി & സി നഷ്ടം

2003 - 04 ലെ ദേശീയ ശരാശരിയായ 35.5 % ൽ നിന്നും 2014 - 15ൽ 24.62 % ആയി കുറഞ്ഞു. 2000നു മുമ്പ് വിഭജനം നടന്ന ഒറീസ്സ (39.28 %), ഹരിയാന (32.52 %), ഉത്തർപ്രദേശ് (33.82 %), രാജസ്ഥാൻ (29.28 %), മദ്ധ്യപ്രദേശ് (30.26 %) എന്നീ സംസ്ഥാനങ്ങളിൽ എ റ്റി & സി നഷ്ടം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ് എന്ന് പി എഫ് സി റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നു. ആ കാലഘട്ടത്തിൽ വിഭജനം നടന്ന ആന്ധ്ര (10.55 %), കർണ്ണാടക (18.71 %), ഡൽഹി (12.9 %) എന്നിവിടങ്ങളിൽ മാത്രമാണ് ദേശീയ ശരാശരിയേക്കാൾ കുറവ്. 3 സംസ്ഥാനങ്ങളിൽ 50 ശതമാനത്തിൽ കൂടുതലും 4 സംസ്ഥാനങ്ങളിൽ 40നും 50നും ഇടയിലും 8 സംസ്ഥാ

മുകളിൽ 30 ശതമാനം വരെയും 12 സംസ്ഥാനങ്ങളിൽ ദേശീയ ശരാശരിയിൽ താഴെയുമാണ് എ റ്റി & സി നഷ്ടം. വിഭജനവും സ്വകാര്യവൽക്കരണവും കൊണ്ട് ഈ കാര്യത്തിൽ പ്രത്യേകിച്ച് നേട്ടമൊന്നും ഉണ്ടായിട്ടില്ല എന്ന് കാണാൻ കഴിയും.

പരിഷ്കരണ നടപടികളെ തുടർന്ന് വിതരണ സ്ഥാപനങ്ങളുടെ സാമ്പത്തിക നഷ്ടവും, കടവും, ഗവണ്മെന്റ് നൽകേണ്ടുന്ന സബ്സിഡിയും പലമടങ്ങ് വർദ്ധിക്കുകയാണ് ചെയ്തത്. എ റ്റി & സി നഷ്ടത്തിന്റെ കാര്യത്തിൽ പരിഷ്കരണങ്ങൾ കൊണ്ട് പ്രത്യേക നേട്ടമൊന്നും ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി വിതരണ മേഖലയിൽ നടപ്പാക്കിയ പരിഷ്കരണ നടപടികൾ പരാജയമായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

03

# പ്രസരണ മേഖലയെ അവഗണിച്ചു

- **പ്രസരണ മേഖലയുടെ സ്വകാര്യ വത്കരണത്തിനായി 1998 ൽ ഇലക്ട്രിസിറ്റി നിയമങ്ങളിൽ ഭേദഗതി വരുത്തി**
- **2006 ലെ താരിഫ് നയത്തിൽ, മത്സരാധിഷ്ഠിത ടെണ്ടർ വഴിയുള്ള സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ചു**
- **2010 ൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അടിസ്ഥാനമാക്കിയ മാതൃക പ്ലാനിങ് കമ്മീഷൻ പുറപ്പെടുവിച്ചു**
- **2016 ഡിസംബറിലെ കണക്ക് പ്രകാരം സ്വകാര്യ മേഖലയിലെ ആകെ പ്രസരണ ലൈനുകൾ 6.4 % മാത്രം**

ഇന്ത്യയിലെ പ്രസരണ ശൃംഖലയെ രണ്ടായി തരംതിരിക്കാം.

1. അന്തർ സംസ്ഥാന പ്രസരണ ശൃംഖല (ISTS)
2. സംസ്ഥാനത്തിനുള്ളിലുള്ള പ്രസരണ ശൃംഖല (Intra - STS)

അന്തർ സംസ്ഥാന പ്രസരണ ശൃംഖലയിൽ സിംഹഭാഗവും പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (PGCIL) എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലാണ്. സംസ്ഥാനത്തിനുള്ളിലുള്ള പ്രസരണ ശൃംഖല പ്രധാനമായും അതാത് സംസ്ഥാനത്തെ പ്രസരണ സ്ഥാപനങ്ങളുടെ (STU) ഉടമസ്ഥതയിലാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പ്രസരണ ശൃംഖലയുടെ വളർച്ച സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു (പട്ടിക 3. 1).

**പട്ടിക 3. 1**

**സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പ്രസരണ ശൃംഖലയുടെ വളർച്ച**

| പദ്ധതി/വർഷം | നീളം | | | | | |
|---|---|---|---|---|---|---|
| | 66 കെ വി ക്കും അതിനു മുകളിലുമുള്ള മൊത്തം നിളം | HVDC | 765 കെ വി | 400 കെ വി | 220 കെ വി | 220 കെ വി ക്കും അതിനു മുകളിലുമുള്ള മൊത്തം നീളം |
| 31.12.1947 | 6430 | | | | | |
| 31.12.1950 | 8271 | | | | | |
| 1 ാം പദ്ധതിയുടെ അവസാനം (31.3.56) | 16552 | | | | | |
| 2 ാം പദ്ധതിയുടെ അവസാനം (31.3.61) | 26706 | | | | | |
| 3 ാം പദ്ധതിയുടെ അവസാനം (31.3.66) | 46033 | | | | | |
| 4 ാം പദ്ധതിയുടെ അവസാനം (31.3.74) | 83225 | | | | | |
| 5 ാം പദ്ധതിയുടെ അവസാനം (31.3.79) | 16552 | | | | | |
| 6 ാം പദ്ധതിയുടെ അവസാനം (31.3.85) | 155921 | 0 | 0 | 6029 | 46005 | 52034 |
| 7 ാം പദ്ധതിയുടെ അവസാനം (31.3.90) | 192228 | 0 | 0 | 19324 | 5931 | 79455 |
| 8 ാം പദ്ധതിയുടെ അവസാനം (31.3.97) | 254613 | 1634 | 0 | 36142 | 79600 | 117376 |
| 9 ാം പദ്ധതിയുടെ അവസാനം (31.3.2002) | 304258 | 4738 | 1160 | 49378 | 96993 | 152269 |
| 10 ാം പദ്ധതിയുടെ അവസാനം (31.3.07) | 376829 | 5872 | 2184 | 75722 | 114629 | 198407 |
| 11 ാം പദ്ധതിയുടെ അവസാനം (31.3.12) | 446055 | 9432 | 5250 | 106819 | 135980 | 257481 |
| 31.3.2016 | 583396 | | | | | |
| 31.12.2016 | | 15512 | 29934 | 154966 | 191709 | 362121 |

## അല്പം ചരിത്രം

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ നഗരങ്ങളിലും വ്യാവസായിക കേന്ദ്രങ്ങളിലും അവയുടെ പരിസരങ്ങളിലും മാത്രമേ വൈദ്യുതി ഉണ്ടായിരുന്നുള്ളൂ. ചെറിയ ഉല്പാദന നിലയങ്ങളും അവിടെ നിന്ന് നേരിട്ട് ലോഡ് സെന്ററുകളിലേക്കുള്ള ലൈനും ഉൾപ്പെടുന്നതായിരുന്നു അന്നത്തെ വൈദ്യുതി ശൃംഖല. ഏറ്റവും ഉയർന്ന പ്രസരണ വോൾട്ടേജ് 132 കെ വി ആയിരുന്നു. പിന്നീട് 220 കെ വി ലൈനുകൾ വന്നു. അതത് സംസ്ഥാനങ്ങളുടെ കീഴിൽ മാത്രമുള്ള വികസനമാണ് ആ കാലഘട്ടത്തിൽ നടന്നത്. വൈദ്യുതി രംഗത്ത് മേഖലാടിസ്ഥാനത്തിലുള്ള ആസൂത്രണത്തെപ്പറ്റി ആലോചന തുടങ്ങിയത് മൂന്നാം പഞ്ചവത്സര പദ്ധതി (1961-66) കാലത്താണ്. ഇതിനായി ഇന്ത്യയെ വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ്, വടക്ക്-കിഴക്ക് എന്നിങ്ങനെ അഞ്ച് മേഖലകളാക്കി തിരിച്ചു. ഓരോ മേഖലയിലുമുള്ള സംസ്ഥാനങ്ങളുടെ വൈദ്യുതി ശൃംഖലയുടെ സംയോജിതമായ പ്രവർത്തനം സാദ്ധ്യമാക്കുന്നതിനു വേണ്ടി 1964ൽ റീജിയണൽ ഇലക്ട്രിസിറ്റി ബോർഡുകൾ

രൂപീകരിച്ചു. സംസ്ഥാനങ്ങൾ തമ്മിൽ വൈദ്യുതി കൈമാറ്റം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ ശ്രമം തുടങ്ങി. 1969ൽ ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതി വരികയും സംസ്ഥാനങ്ങൾക്ക് പലിശ രഹിത വായ്പ അനുവദിക്കുകയും ചെയ്തു. 1975ൽ കേന്ദ്ര ഉടമസ്ഥതയിൽ എൻ റ്റി പി സി, എൻ എച്ച് പി സി എന്നീ സ്ഥാപനങ്ങൾ നിലവിൽ വരികയും ഓരോ മേഖലയിലേയും വൈദ്യുതി വികസനം ലക്ഷ്യമിട്ടുകൊണ്ട് വലിയ ശേഷിയുള്ള ഉല്പാദന നിലയങ്ങൾ സ്ഥാപിക്കാൻ തുടങ്ങുകയും ചെയ്തു. ഇത്തരം നിലയങ്ങളിൽ നിന്ന് ആ മേഖലയിലെ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വൈദ്യുതി വിഹിതം എത്തിക്കുന്നതിന് വേണ്ട അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ നിർമ്മാണച്ചുമതലയും ഈ സ്ഥാപനങ്ങൾക്കായിരുന്നു. ഇതിന്റെ ഭാഗമായി 1977ൽ 400 കെ വി ലൈനുകൾക്ക് തുടക്കമായി. 80കളുടെ അവസാനത്തോടെ മേഖലാ പ്രസരണ ശൃംഖല നിലവിൽ വന്നു. 400 കെ വിക്ക് മുകളിലുള്ള പ്രസരണ ശൃംഖല വേണമെന്ന ആവശ്യം 1988 ഒക്ടോബറിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു.

### ദേശീയഗ്രിഡ്

കേന്ദ്ര ഉടമസ്ഥതയിലും നിയന്ത്രണത്തിലും ദേശീയ ഗ്രിഡ് സ്ഥാപിക്കണമെന്ന് 1980 ലെ കേന്ദ്ര ക്യാബിനറ്റ് തത്വത്തിൽ തീരുമാനിച്ചു. കേന്ദ്ര ഉടമസ്ഥതയിലുള്ള എൻ റ്റി പി സി, എൻ എച്ച് പി സി തുടങ്ങിയ സ്ഥാപനങ്ങൾ ഇതിനായി നടത്തിവരുന്ന ശ്രമങ്ങൾക്ക് ഗതിവേഗം പകരാൻ 1988ൽ നാഷനൽ പവർ ട്രാൻസ്മിഷൻ കോർപ്പറേഷൻ (NPTC) രൂപീകരിച്ചു. അതുവരെ കേന്ദ്ര ഉടമസ്ഥതയിലുള്ള ഉല്പാദന സ്ഥാപനങ്ങൾ കൈകാര്യം ചെയ്തിരുന്നതും പണി നടന്നു കൊണ്ടിരിക്കുന്നതുമായ ലൈനുകളെല്ലാം ഈ സ്ഥാപനത്തിന് കൈമാറി. ഈ സ്ഥാപനമാണ് പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന പേരിൽ പിന്നീട് അറിയപ്പെട്ടത്. 1989ൽ ഇന്ത്യയിൽ ആദ്യത്തെ HVDC (220 കെ വി മോണോപോൾ) ലൈൻ [ലോവർസിലേരു (ആന്ധ്രപ്രദേശ്) - ബാർപൂർ (മദ്ധ്യപ്രദേശ്)] നിലവിൽ വന്നു. പിന്നീട് 1990ൽ റിഹാന്ദിനും ഡൽഹിക്കുമിടയിൽ ഇന്ത്യയിലെ ആദ്യത്തെ +/- 500 കെ വി HVDC ബൈപോൾ ലൈനും കമ്മീഷൻ ചെയ്തു. വിവിധ മേഖലകൾ തമ്മിൽ വൈദ്യുതി കൈമാറ്റം സാധ്യമാക്കുന്നതിന് വിന്ധ്യാചൽ (N - W), ചന്ദ്രാപ്പൂർ (W - S), ഗധുവാക്ക (E - S), സസറാം (E - N) എന്നിവിടങ്ങളിൽ HVDC ബാക്ക്-ടു-ബാക്ക് സ്റ്റേഷനുകളും നിലവിൽ വന്നു. 2002ൽ കിഴക്കൻ മേഖലയിൽ നിന്ന് തെക്കൻ മേഖലയിലേക്ക് താൽച്ചർ - കോളാർ ബൈപോൾ ലൈനും വന്നു.

1992 മുതൽ തന്നെ കിഴക്കൻ മേഖലയും വടക്കൻ മേഖലയും പരസ്പര ബന്ധിതമായി പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. 2003ൽ പടിഞ്ഞാറൻ മേഖല ഇതുമായി ബന്ധിക്കപ്പെട്ടു. ഇതോടെ സെൻട്രൽ ഇന്ത്യ സിസ്റ്റം (ER - NR - WR) നിലവിൽ വന്നു. 2006 ആഗസ്റ്റ് 26ന് വടക്കൻ മേഖലയും ഈ ഗ്രിഡിന്റെ ഭാഗമായി. ഇതോടെ തെക്കൻ മേഖലയൊഴിച്ചുള്ള ഇന്ത്യയുടെ എല്ലാ ഭാഗങ്ങളും ഒരു ഗ്രിഡിനു കീഴിൽ വന്നു. തെക്കൻ മേഖല ഇന്ത്യയിലെ മറ്റ് മേഖലകളുമായി HVDC ലൈൻ മുഖാന്തരമോ റേഡിയലായി പ്രവർത്തിക്കുന്ന AC ലൈനുകൾ വഴിയോ ബന്ധിപ്പിക്കപ്പെട്ടിരുന്നു.

2012 ഓടെ ദേശീയ ഗ്രിഡ് യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിട്ട് നടത്തിവന്ന പ്രവർത്തനങ്ങളുടെ അവസാന ഘട്ടത്തിൽ എല്ലാ മേഖലകളേയും 765 കെ വി പ്രസരണ ശൃംഖല വഴി ബന്ധിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. 765 കെ വി പ്രസരണ ശൃംഖലയുടെ നിർമ്മാണം 2000ൽ തുടങ്ങിയിരുന്നെങ്കിലും പണി പൂർത്തിയായ ലൈനുകളെല്ലാം 400 കെ വിയിൽ ചാർജ്ജ് ചെയ്യുകയായിരുന്നു. 2007ലാണ് ആദ്യത്തെ 765 കെ വി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നത്.

2013 ഡിസംബർ 31ന് 765 കെ വി റെയ്ച്ചൂർ - ഷോളാപ്പൂർ സിംഗിൾ സർക്യൂട്ട് ലൈൻ കമ്മിഷൻ ചെയ്തതോടെ ദേശീയ ഗ്രിഡ് യാഥാർത്ഥ്യമായി.

## മേഖലകൾക്കിടയിലുള്ള കൈമാറ്റം

1989ൽ പവർഗ്രിഡ് കോർപറേഷൻ നിലവിൽ വന്നതിനു ശേഷമാണ് മേഖലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസരണ ലൈനുകളുടെ നിർമ്മാണത്തിൽ ഗതിവേഗം കൈവന്നത്. 1990 - 91ൽ വിവിധ മേഖലകൾക്കിടയിൽ കൈമാറ്റം ചെയ്യപ്പെട്ട വൈദ്യുതിയുടെ അളവ് 1710 മില്യൺ യൂണിറ്റ് മാത്രമായിരുന്നു. 1997ൽ ഇത് 3600 മില്യൺ യൂണിറ്റും 2001 - 02ൽ 9730 മില്യൺ യൂണിറ്റും. 2011 - 12ൽ 41635 മില്യൺ യൂണിറ്റുമായി ഉയർന്നു. വിവിധ പഞ്ചവത്സര പദ്ധതികളുടെ അവസാനത്തിൽ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ലൈനുകളുടെ കൈമാറ്റശേഷി താഴെ (പട്ടിക 3. 2) കൊടുക്കുന്നു.

### പട്ടിക 3. 2

**മേഖലകൾ തമ്മിലുള്ള കൈമാറ്റശേഷി**

| പദ്ധതി | ശേഷി (മെഗാവാട്ടിൽ) |
|---|---|
| 8- ാം പദ്ധതിയുടെ അവസാനം (31.3.1997) | 1200 |
| 9- ാം പദ്ധതിയുടെ അവസാനം (31.3.2002) | 5750 |
| 10- ാം പദ്ധതിയുടെ അവസാനം (31.3.2007) | 14050 |
| 11- ാം പദ്ധതിയുടെ അവസാനം (31.3.2012) | 27750 |
| (31.3.2016) | 58050 |
| (31.12.2016) | 63650 |
| 12- ാം പദ്ധതിയുടെ അവസാനം (31.3.2017) പ്രതീക്ഷിക്കുന്നത് | 68050 |

## സ്വകാര്യവൽക്കരണ നടപടികൾ

ഉല്പാദന മേഖലയിലെ സ്വകാര്യവൽക്കരണ നടപടികളുടെ തുടർച്ച എന്ന നിലയിലാണ് പ്രസരണ മേഖലയിലേക്കും അവ വ്യാപിപ്പിക്കുന്നത്. ഇതിനു വഴിയൊരുക്കാനായി 1989ൽ ഇലക്ട്രിസിറ്റി നിയമങ്ങളിൽ ഭേദഗതി വരുത്തി. സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് 2000ൽ ഇറക്കിയ മാർഗ്ഗരേഖയിൽ PGCIL മായോ സംസ്ഥാനങ്ങളിലെ പ്രസരണ സ്ഥാപനങ്ങളുമായോ സംയുക്ത സംരംഭം എന്ന നിലയിലോ, മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലോ സ്വകാര്യ നിക്ഷേപം ആകാമെന്ന് വ്യവസ്ഥ ചെയ്തു. തുടർന്നുവന്ന 2003ലെ ഇലക്ട്രിസിറ്റി നിയമത്തിൽ അന്തർ സംസ്ഥാന പ്രസരണ ലൈസൻസ് നൽകാനുള്ള അധികാരം സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനും (CERC) സംസ്ഥാനത്തിനകത്ത് പ്രസരണ ലൈസൻസ് നൽകാനുള്ള അധികാരം അതത് സംസ്ഥാനത്തെ റഗുലേറ്ററി കമ്മീഷനുകൾക്കും (SERC) നൽകുന്ന വകുപ്പുകൾ കൊണ്ടുവന്നു. മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ തീരുമാനിക്കപ്പെടുന്ന താരിഫ് ബന്ധപ്പെട്ട റഗുലേറ്ററി കമ്മീഷനുകൾ മാറ്റം കൂടാതെ അംഗീകരിക്കേണ്ടതാണെന്നും ആക്ടിൽ വ്യവസ്ഥ ചെയ്തു. 2006ൽ നിലവിൽ വന്ന താരിഫ് പോളിസിയിൽ മത്സരാധിഷ്ഠിത ടെണ്ടറിലൂടെ പ്രസരണ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ചു.

സ്വകാര്യ നിക്ഷേപത്തോടെയുള്ള ഇന്ത്യയിലെ ആദ്യത്തെ പ്രസാരണലൈൻ കമ്മീഷൻ ചെയ്യുന്നത് 2006 ആഗസ്റ്റ് മാസത്തിലാണ്. പവർലിങ്ക്സ് ട്രാൻസ്മിഷൻ ലിമിറ്റഡ് നിർമ്മിച്ച "ടാല ട്രാൻസ്മിഷൻ സിസ്റ്റം" ആണ് ഇത് (പശ്ചിമ ബംഗാളിലെ സിലിഗുരിയിൽ നിന്നും ഉത്തർപ്രദേശിലെ മണ്ടോളയിലേക്ക് നിർമ്മിയ്ക്കപ്പെട്ട 1166 കി.മീ. ദൈർഘ്യമുള്ള 400 കെ വി ഡബിൾ സർക്യൂട്ട് ലൈൻ ആണ് ടാല ട്രാൻസ്മിഷൻ സിസ്റ്റം). ടാറ്റ പവർ കമ്പനിക്ക് 51 ശതമാനവും PGCILന് 49 ശതമാനവും ഓഹരി പങ്കാളിത്തമുള്ളതാണ് ഈ സംയുക്ത സംരംഭം. ഇതേത്തുടർന്ന് ഉല്പാദന മേഖലയിലെ സ്വകാര്യ സംരംഭകരുമായി ചേർന്ന് അതത് പ്രോജക്ടുകളുമായി ബന്ധപ്പെട്ട പ്രസരണ ശൃംഖലയുടെ നിർമ്മാണത്തിനായി PGCIL സംയുക്ത സംരംഭങ്ങൾ തുടങ്ങി. മഹാരാഷ്ട്ര തുടങ്ങിയ ചില സംസ്ഥാനങ്ങളിലും ഇത്തരത്തിൽ കമ്പനികൾ രൂപീകരിക്കപ്പെട്ടു.

2010ൽ പ്ലാനിംഗ് കമ്മീഷൻ പ്രസരണ മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേറൊരു മാതൃക മുന്നോട്ടുവെച്ചു. വയബിലിറ്റി ഗ്യാപ് ഫണ്ട് അടിസ്ഥാനപ്പെടുത്തിയിരുന്നു ഇത്. ഹരിയാന സംസ്ഥാനത്താണ് ഈ മാതൃക സ്വീകരിച്ച് ആദ്യമായി പ്രസരണ ശൃംഖല നിർമ്മിച്ചത്. ടെണ്ടറിൽ കാണിച്ച കൺസഷൻ കാലാവധിക്കുശേഷം (25 വർഷം) ഈ ലൈനിന്റെ ഉടമസ്ഥാവകാശം ഹരിയാന വിദ്യുത്പ്രസാരൺ നിഗം ലിമിറ്റഡ് (HVPNL) ൽ നിക്ഷിപ്തമാകും. അതുവരെ ഈ ലൈനിന്റേയും സബ് സ്റ്റേഷന്റേയും നടത്തിപ്പും പരിപാലന ചുമതലയും ടെണ്ടർ ലഭിച്ച ജജ്ജാർ കെ.ടി. ട്രാൻസ്കോ പ്രൈവറ്റ് ലിമിറ്റഡ് (JKTPL) എന്ന കമ്പനിക്കായിരിക്കും.

2008 മുതൽ ടാരിഫ് അധിഷ്ഠിത ടെണ്ടറിലൂടെ ട്രാൻസ്മിഷൻ പ്രോജക്ടുകൾ ടെണ്ടർ ചെയ്തുതുടങ്ങി. അന്തർ സംസ്ഥാന ലൈനുകളുടെ കാര്യത്തിൽ 2011 ജനുവരി 5 മുതലും സംസ്ഥാനത്തിനകത്തുള്ള ലൈനുകൾക്ക് 2013 ജനുവരി 5 മുതലും ടാരിഫ് അധിഷ്ഠിത

ടെണ്ടർ നിർബ്ബന്ധമാക്കി.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് 2016 ഡിസംബർ 31വരെ 39 സ്കീമുകളാണ് താരിഫ് അധിഷ്ഠിത രീതിയിൽ ടെണ്ടർ ചെയ്തത് . ഈ പ്രോജക്ടുകളുടെ ഏറ്റവും ഒടുവിലത്തെ സ്ഥിതി ഇപ്രകാരമാണ്.

| | |
|---|---|
| പണി പൂർത്തിയായി കമ്മീഷൻ ചെയ്തവ | : 9 എണ്ണം |
| പണി പൂർത്തിയായെങ്കിലും കമ്മീഷൻ ചെയ്യാത്തത് | : 1 എണ്ണം |
| ഭാഗികമായി കമ്മീഷൻ ചെയ്തത് | : 3 എണ്ണം |
| പണി നടന്നുകൊണ്ടിരിക്കുന്നവ | : 15 എണ്ണം |
| ഇതുവരെ പണി തുടങ്ങാത്തവ | : 6 എണ്ണം |
| ക്യാൻസൽ ചെയ്തത് | : 1 എണ്ണം |
| ടെണ്ടർ നടപടി പൂർത്തിയാകാത്തവ | : 4 എണ്ണം |

ഇതുവരെ അവാർഡ് ചെയ്ത 35 പ്രോജക്ടുകൾ ലഭിച്ച കമ്പനികളുടെ പേരും അവയുടെ ഇന്നത്തെ അവസ്ഥയും ചുവടെ പറയും പ്രകാരമാണ് (പട്ടിക 3. 3).

**പട്ടിക 3. 3**

| കമ്പനിയുടെ പേര് | ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| PGCIL | 9 | 1 കമ്മീഷൻ ചെയ്തു. 1 എണ്ണം പണി തീർത്തു. 2 എണ്ണം ഭാഗികമായി കമ്മീഷൻ ചെയ്തു. 4 എണ്ണം പണി നടക്കുന്നു |
| സ്റ്റെർലൈറ്റ് | 10 | 5 എണ്ണം കമ്മിഷൻ ചെയ്തു.<br>1 ഭാഗികമായി കമ്മീഷൻ ചെയ്തു.<br>4 എണ്ണം പണി നടക്കുന്നു |
| എസ്സെൻ ഇൻഫ്ര | 5 | 2 എണ്ണം പണി നടക്കുന്നു<br>3 എണ്ണം ഇതുവരെ തുടങ്ങിയിട്ടില്ല |
| അഡാനി ട്രാൻസ്മിഷൻ ലിമിറ്റഡ് | 4 | പണി നടക്കുന്നു |
| L & T | 1 | കമ്മീഷൻ ചെയ്തു |
| ടെക്നോ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കമ്പനി | 1 | കമ്മീഷൻ ചെയ്തു |
| RSTCL | 1 | കമ്മീഷൻ ചെയ്തു |
| കൽപ്പതരു | 1 | പണി നടന്നുകൊണ്ടിരിക്കുന്നു |
| SA സ്പെയിൻ | 1 | ഇതുവരെ തുടങ്ങിയിട്ടില്ല |
| റിലയൻസ് | 2 | താരിഫ് കൂട്ടിക്കിട്ടാൻ കമ്പനി നൽകിയ കേസ് നടക്കുന്നു |

ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ 220KVയും അതിനു മുകളിലുള്ള ലൈനുകളുടെ നീള വും ട്രാൻസ്ഫോർമറുകളുടെ മൊത്തം ശേഷിയും താഴെ കൊടുത്തിരിക്കുന്നു. (പട്ടിക 3. 4)

**പട്ടിക 3. 4**

| പദ്ധതി | | ഉടമസ്ഥത | | | |
|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | സ്വകാര്യം | മൊത്തം |
| 6 ാം പദ്ധതിയുടെ അവസാനം (31.3.85) | Ckm | 3472 | 48562 | - | 52034 |
| | MVA | 1215 | 45406 | - | 46621 |
| 7 ാം പദ്ധതിയുടെ അവസാനം (31.3.90) | Ckm | 17628 | 61827 | - | 79455 |
| | MVA | 8641 | 66681 | - | 75322 |
| 8 ാം പദ്ധതിയുടെ അവസാനം (31.3.97) | Ckm | 31199 | 86177 | - | 117376 |
| | MVA | 19906 | 105136 | - | 125042 |
| 9 ാം പദ്ധതിയുടെ അവസാനം (31.3.2002) | Ckm | 42017 | 110252 | - | 152269 |
| | MVA | 29941 | 152002 | - | 181943 |
| 10 ാം പദ്ധതിയുടെ അവസാനം (31.3.2007) | Ckm | 64295 | 131828 | 2284 | 198407 |
| | MVA | 51231 | 206408 | - | 257639 |
| 11 ാം പദ്ധതിയുടെ അവസാനം (31.3.2012) | Ckm | 91950 | 157116 | 8415 | 257481 |
| | MVA | 115911 | 291443 | 2197 | 409551 |
| (31.12.2016) | Ckm | 138665 | 200265 | 23191 | 362121 |
| | MVA | 266021 | 418636 | 21827 | 706484 |

2006 മുതലാണ് സ്വകാര്യ മേഖല പ്രസരണരംഗത്ത് കടന്നുവരുന്നത്. 10 ാം പദ്ധതിയു ടെ അവസാനം മൊത്തം (220 കെ വിക്കും അതിനു മുകളിലുള്ള) ലൈനുകളുടെ 1 ശത മാനം മാത്രമായിരുന്നു സ്വകാര്യ മേഖലയുടെ പങ്ക്. 11 ാം പദ്ധതിയുടെ അവസാനം ഇത് 3 ശതമാനവും 2016 ഡിസംബറിൽ 6.4 ശതമാനവുമായി ഉയർന്നു. ട്രാൻസ്ഫോർമ ർ ശേഷിയുടെ കാര്യത്തിൽ ഇത് യഥാക്രമം 0, 0.5, 3 ശതമാനമാണെന്ന് കാണാൻ കഴിയും.

## സ്വകാര്യവൽക്കരണത്തിന്റെ അനുഭവപാഠം

1991 മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയിൽ വൈദ്യുത മേഖലയിൽ സ്വീകരിച്ച സ്വകാര്യവൽക്കരണ നടപടികളുടെ അനുഭവപാഠം സംബന്ധിച്ച് വേൾഡ് ബാങ്ക് നടത്തിയ പഠനത്തിൽ പ്രസരണമേഖലയെ കുറിച്ച് പറയുന്ന ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രസരണ മേഖലയിലേക്ക് സ്വകാര്യ സംരംഭകർ കടന്നുവന്നിട്ട് കുറഞ്ഞ കാലമേ ആയിട്ടുള്ളൂ എന്നതുകൊണ്ട് അവർ പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാര്യക്ഷമത

സംബന്ധിച്ച് വിലയിരുത്തൽ നടത്താൻ സമയമായിട്ടില്ല.
2. തുടക്കത്തിൽ ഈ മേഖലയിലേക്ക് ആകൃഷ്ടരായി വിവിധ മേഖലകളിൽ നിന്നും കുറേയേറെ സംരംഭകർ വന്നിരുന്നുവെങ്കിലും ഇപ്പോൾ അത് ഏതാനും ചിലരിലേക്ക് ചുരുങ്ങിയിരിക്കുന്നു.
3. ഇതുവരെ ടെണ്ടർ ചെയ്ത പ്രോജക്ടുകൾക്ക് ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചാൽ ഒരു പ്രോജക്ടിന് വിവിധ കമ്പനികൾ സമർപ്പിക്കുന്ന ടെണ്ടറുകളിൽ ആവശ്യപ്പെടുന്ന തുക തമ്മിൽ വലിയ അന്തരം ഉള്ളതായി കാണാൻ കഴിയും. ഉദാഹരണമായി 2011ൽ ടെണ്ടർ ചെയ്ത നാഗപട്ടണം - കടലൂർ പ്രോജക്ടിൽ വിജയിയായ പവർഗ്രിഡ് കോർപറേഷൻ തൊട്ട് മുകളിലുള്ള ടെണ്ടറുകാരനേക്കാൾ 66 ശതമാനം കുറവ് തുകയാണ് ആവശ്യപ്പെട്ടത്.

ട്രാൻസ്മിഷൻ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പവർഗ്രിഡിനുള്ള പരിചയവും, നിർമ്മാണത്തിലും നടത്തിപ്പിലും ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാനും അവ തരണം ചെയ്യാനുള്ള അവരുടെ കഴിവുമാണ് ഇതിന് കാരണമായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയത്. പ്രോജക്ടുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ മേഖലകളിലും PGCILന് നിലവിൽ ലൈനുകൾ ഉണ്ട് എന്നത് ഈ മേഖലയിൽ അവർക്കുള്ള ശക്തിയാണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്.

## പ്രോജക്ട് നടത്തിപ്പിലെ കാര്യക്ഷമത

താരിഫ് അധിഷ്ഠിത ടെണ്ടർ വഴി (TBCB) സ്വകാര്യ സംരംഭകർ പണി പൂർത്തിയാക്കിയ 8 പ്രോജക്ടുകളിൽ സമയത്തിന് പൂർത്തിയായത് ഒരെണ്ണം മാത്രമാണ്. അതാകട്ടെ സബ് സ്റ്റേഷൻ നിർമ്മാണം മാത്രം ആവശ്യമായതായിരുന്നു. ബാക്കി പ്രോജക്ടുകൾ തീർക്കാൻ 2 മുതൽ 18 മാസം വരെ കാലതാമസം വന്നിട്ടുണ്ട്. PGCIL പണി തീർത്ത ഒരു പ്രോജക്ടിൽ കാലതാസമം ഒരു മാസം മാത്രമാണ്. മറ്റൊരു പ്രോജക്ട് സമയത്തിന് പണി തീർന്നെങ്കിലും ജനറേഷൻ കമ്പനി അവരുടെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. റിലയൻസിനു നൽകിയ 2 പ്രോജക്ടുകൾ ലെറ്റർ ഓഫ് ഇന്റന്റ് നൽകി 7 വർഷം പിന്നിട്ടെങ്കിലും ഇതുവരെ പണി ആരംഭിച്ചിട്ടു പോലുമില്ല. നിരക്കുവർദ്ധന ആവശ്യപ്പെട്ട് അവർ കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച അപേക്ഷ കോടതികൾ കയറിയിറങ്ങി അവസാനം അപ്പലറ്റ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്.
സ്വകാര്യമേഖല കടന്നുവന്നതുകൊണ്ട് പ്രോജക്ട് നിർവ്വഹണം കൂടുതൽ വേഗത്തിലും കാര്യക്ഷമവും ആയിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

## ട്രാൻസ്മിഷൻ ചാർജ്ജ്

TBCB റൂട്ടിൽ സമർപ്പിക്കപ്പെട്ട ടെണ്ടറുകളിലെ ചില വിവരങ്ങൾ വേൾഡ്ബാങ്ക് റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. അതിലെ പ്രസക്ത ഭാഗം ട്രാൻസ്മിഷൻ ചാർജ്ജ് സംബന്ധിച്ച താരതമ്യ പഠനത്തിനായി താഴെ പട്ടിക 3. 5ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3. 5

| Project | Award Year | Bidders | Levellised Tarriff increase/Year | Estimated Cost in Crore |
|---|---|---|---|---|
| 1. East North Inter Connection Co. Ltd | Oct 2006 | Sterlite Technologies | 118.8 | 800 |
| 2. Thalcher II Transmission Company | April 2010 | Rehman Power Transmission Company | 144 | 1400 |
| 3. North Karanpura Transmission Company | May 2010 | ,, | 258 | 2700 |
| 4. Raichur Sholapur Transmission Company | Jan 2011 | Palel Engg Co, Simplex, BS Trans Company | 29.4 | 300 |
| 5. Bhopal Dhule Tr Co | Feb 2011 | Sterlite Transmission Project | 199.53 | 900 |
| 6. Nagapattanam-Gudallore | March 2012 | PGCIL | 98.702 | 1100 |

ഓരോ വർഷവും ട്രാൻസ്മിഷൻ ചാർജ് എന്ന നിലയിൽ ലഭിക്കേണ്ട സംഖ്യയാണ് ലവലൈസ്ഡ് താരിഫ് എന്ന് കാണിച്ചിട്ടുള്ളത്. ഇത് പരിശോധിച്ചാൽ PGCIL ആണ് പ്രോജക്ടിന്റെ മതിപ്പ് ചെലവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ ഏറ്റവും കുറവ് ശതമാനം (8.97%) ട്രാൻസ്മിഷൻ ചാർജ് ആവശ്യപ്പെട്ടത് എന്ന് കാണാൻ കഴിയും. മറ്റ് പ്രോജക്ടുകളുടെ കാര്യത്തിൽ ഇത് 9.55 % മുതൽ 22.17 % വരെയാണ്. PGCIL വിജയിച്ച ടെണ്ടറിൽ തൊട്ടടുത്ത ടെണ്ടറുകാരൻ ആവശ്യപ്പെട്ട സംഖ്യ 152.944 കോടി രൂപയാണ് (55 % കൂടുതൽ). ഈ നയങ്ങൾ തുടർന്നാൽ ട്രാൻസ്മിഷൻ ചാർജിൽ വൻ വർദ്ധനവാകും ഉണ്ടാകാൻ പോകുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. കുറഞ്ഞ നിരക്ക് എഴുതി ടെണ്ടർ ലഭിച്ചു കഴിഞ്ഞാൽ എന്തെങ്കിലുമൊക്കെ കാരണങ്ങൾ കണ്ടുപിടിച്ച് പിന്നീട് നിരക്ക് വർദ്ധന വാങ്ങിച്ചെടുക്കാനുള്ള ശ്രമങ്ങളും സ്വകാര്യ സംരംഭകർ നടത്തുന്നുണ്ട്.

## 2012ലെ ബ്ലാക്ക് ഔട്ട്

ഇന്ത്യയിൽ വൈദ്യുതി മേഖലയിൽ ആഗോളവൽക്കരണ നയങ്ങൾ നടപ്പാക്കിയതിനു ശേഷം പ്രസരണരംഗം ഏറെ അവഗണിക്കപ്പെട്ടു എന്ന് കാണാൻ കഴിയും. പ്രസരണ ലൈനുകളുടെ കാര്യമെടുത്താൽ 1966 മുതൽ 90 വരെയുള്ള കാലഘട്ടത്തിൽ വളർച്ചാനിരക്ക് 6.1 % ആയിരുന്നത് 90 മുതൽ 2012 വരെയുള്ള കാലയളവിൽ 3.9 % ആയി കുറഞ്ഞു. 220 കെ വി ക്കും അതിനു മുകളിലുള്ള ലൈനുകളുടെ കാര്യത്തിൽ 1985 - 90 കാലഘട്ടത്തിൽ വളർച്ചാനിരക്ക് 8.8 % ആയിരുന്നത് 1990 - 2012 കാലഘട്ടത്തിൽ 5.89 % ആയി കുറഞ്ഞു. ഈ അവഗണനയുടെ ഫലമാണ് 2012 ജൂലൈ 30, 31 തീയ

യിതികിളിൽ തുടർച്ചയായി 2 ദിവസങ്ങളിലുണ്ടായ ബ്ലാക്ക്ഔട്ട്. 22 സംസ്ഥാനങ്ങളിലെ 62 കോടി ജനങ്ങളെ ഇത് ബാധിച്ചു. ആദ്യദിവസം പ്രധാന സബ് സ്റ്റേഷനുകളിൽ പോലും സപ്ലൈ പുനഃസ്ഥാപിക്കാൻ 15 മണിക്കൂറോളമെടുത്തു. പിറ്റേ ദിവസവും ഈ പ്രശ്നങ്ങൾ ബ്ലാക്ക് ഔട്ടിലേക്ക് പോയി. പ്രസരണ ശൃംഖലയുടെ ശേഷിക്കുറവും മേഖലയെ ബന്ധിപ്പിക്കുന്ന ലൈനുകൾ ദുർബ്ബലമായതുമാണ് ബ്ലാക്ക്ഔട്ടുകൾക്ക് പ്രധാന കാരണമെന്ന് അന്വേഷണത്തിൽ കണ്ടെത്തി. കമ്പോള പരിഷ്കരണങ്ങൾ പ്രസരണ മേഖലയെ അവഗണിച്ചതിനും പ്രസരണ രംഗത്തെ ആസൂത്രണം താറുമാറാക്കിയതിനും ഏറ്റവും നല്ല ഉദാഹരണമാണ് ഈ ബ്ലാക്ക് ഔട്ട്.

2012 - 16 കാലഘട്ടത്തിൽ 220 കെ വിക്കും അതിനു മുകളിലുമുള്ള ലൈനുകളുടെ നിർമ്മാണത്തിൽ 7.1 % വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചു. 2013 ഡിസംബർ 31ന് ദേശീയ ഗ്രിഡ് നിലവിൽ വന്നതും, 2015 ഒക്ടോബറിൽ 3506 സർക്യൂട്ട് കിലോമീറ്റർ +/- 800 കെ വി HVDC ലൈൻ (അസ്സമിലെ ബിശ്വനാഥ് ചരിയാളിയിൽ നിന്നും ഉത്തർപ്രദേശിലെ ആഗ്രയിലേക്ക്) കമ്മിഷൻ ചെയ്തതും, മദ്ധ്യപ്രദേശിലെ ബിനയിൽ ലോകത്തിലെ ഏറ്റവും ഉയർന്ന പ്രസരണ വോൾട്ടേജായ 1200 കെ വിയുടെ നാഷണൽ ടെസ്റ്റ് സ്റ്റേഷൻ 2016 മെയ് മാസത്തിൽ കമ്മീഷൻ ചെയ്തതും 12 ാം പഞ്ചവത്സര പദ്ധതിയിലെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ഇതെല്ലാം പൊതുമേഖലാ സ്ഥാപനമായ PGCIL ആണ് പൂർത്തിയാക്കിയത്.

## ആസൂത്രണ പ്രതിസന്ധി

ഉല്പാദനരംഗത്തേക്ക് സ്വകാര്യ സംരംഭകരുടെ കടന്നുവരവ് ആ മേഖലയിൽ വലിയ അനിശ്ചിതത്വം സൃഷ്ടിച്ചിരിക്കുന്നു. ലക്ഷ്യമിട്ട പല പദ്ധതികളും തുടങ്ങിയിട്ടുപോലുമില്ല. (ഉദാ: അൾട്രാ മെഗാ പദ്ധതികൾ) ദക്ഷിണ മേഖലയിൽ കൃഷ്ണപട്ടണം, തൂത്തുക്കുടി, ശ്രീകാകുളം തുടങ്ങിയ പ്രദേശങ്ങളിൽ ധാരാളം സ്വകാര്യ ഉല്പാദന നിലയങ്ങൾ തുടങ്ങാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി മിച്ചംവരുന്ന വൈദ്യുതി മറ്റ് മേഖലകളിലേക്കെത്തിക്കാൻ നിരവധി പ്രസരണ പദ്ധതികൾ ആസൂത്രണം ചെയ്തു. ലക്ഷ്യമിട്ട ഉല്പാദനനിലയങ്ങൾ പലതും തുടങ്ങാത്തതിനാൽ ദക്ഷിണ മേഖല ഇപ്പോഴും വൈദ്യുതി ഇറക്കുമതി ചെയ്യുന്ന മേഖലയായി തുടരുന്നു. ഇതിന്റെ ഭാഗമായി പണിതീർന്ന പ്രസരണ ലൈനുകൾ വേണ്ടത്ര പ്രയോജനം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കമ്പോള പരിഷ്കരണങ്ങൾ പ്രസരണ മേഖലയെ അവഗണിച്ചതിന്റെയും ആസൂത്രണം താറുമാറാക്കിയതിന്റേയും പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

04

# കേരളത്തിന്റെ വ്യത്യസ്ഥ മാതൃക

- **കാര്യക്ഷമവും ജനോപകാരപ്രദവുമായ സേവന സ്ഥാപനമാകും**
- **പ്രവർത്തനശേഷി മെച്ചപ്പെടുത്തി സാമ്പത്തിക ഭദ്രത ഉറപ്പ വരുത്തും**
- **ഉപഭോക്തൃ സൗഹൃദത്തിന് വൻ പ്രാധാന്യം**
- **വികസന - സേവനോന്മുഖവും ഊർജ്ജസ്വലവുമായ പുതിയ തൊഴിൽ സംസ്കാരം വളർത്തും**

## വൈദ്യുതി വികസനം കേരളത്തിൽ

1956 നവംബർ 1ന് കേരള സംസ്ഥാനം രൂപീകൃതമാകുമ്പോൾ വൈദ്യുതി വിതരണം ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിനു കീഴിലായിരുന്നു. പള്ളിവാസൽ, ശെങ്കുളം നിലയങ്ങളിൽ നിന്നായി 82.5 മെഗാവാട്ടായിരുന്നു അന്നത്തെ വൈദ്യുതി ഉല്പാദന സ്ഥാപിത ശേഷി. 1957 മാർച്ച് 31ന് ഉച്ചക്കു ശേഷം കെ.എസ്.ഇ.ബി രൂപീകൃതമായി. പഴയ തിരുവിതാംകൂർ - കൊച്ചി ഭാഗത്ത് 75, 257 ഉപഭോക്താക്കളും മലബാർ മേഖലയിൽ 8, 938 ഉപഭോക്താക്കളും അന്ന് നിലവിലുണ്ടായിരുന്നു. പൊരിങ്ങൽകുത്ത് നിലയത്തിലെ ഒരു ജനറേറ്റർ കൂടി അപ്പോഴേക്കും ഉത്പാദനം തുട ങ്ങിയിരുന്നു. ഇതോടെ മൊത്തം സ്ഥാപിതശേഷി 90.5 മെഗാവാട്ടായി ഉയർന്നു. 1961ൽ നേരിയമംഗലവും 1963ൽ പന്നിയാറും കമ്മീഷൻ ചെയ്തു. 1966ൽ ഷോളയാർ, ശബരിഗിരി പദ്ധതികൾ കമ്മിഷൻ ചെയ്യുന്നതു വരെ കേരളത്തിൽ വേനൽ കാലങ്ങളിൽ കടുത്ത വൈദ്യുതി നിയന്ത്രണം ഉണ്ടായിരുന്നു. 1967ൽ ശബരിഗിരിയിൽ 3 ജനറേറ്ററുകൾ കൂടി പ്രവർത്തനം തുടങ്ങി. 1969ൽ ശബരിഗിരിയിൽ നിന്നും തേനിയിലേക്ക് 220 കെ വി അന്തർ സംസ്ഥാന ലൈൻ നിലവിൽ വന്നതോടെ കേരളത്തിൽ നിന്നും തമിഴ് നാട്ടിലേക്ക് വൈദ്യുതി കയറ്റുമതി ചെയ്യാൻ ആരംഭിച്ചു.

1972ലാണ് മലബാറിലെ ആദ്യത്തെ ജലവൈദ്യുതി നിലയമായ കുറ്റ്യാടി പദ്ധതി ഉത്പാദനം ആരംഭിക്കുന്നത്. 1962 ലാണ് പൊരിങ്ങൽകുത്ത് നിലയത്തിൽ നിന്നുള്ള വൈദ്യുതി കോഴിക്കോട്ടെത്തുന്നത്. അതുവരെ മലബാർ മേഖലയിലെ വൈദ്യുതി വിതരണം മദ്രാസ് സംസ്ഥാനത്തെ പൈക്കാറ ജലവൈദ്യുതി നിലയത്തിൽ നിന്നുള്ള 66 കെ.വി ലൈൻ വഴിയായിരുന്നു. 1976ൽ ഇടുക്കി പദ്ധതിയുടെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ വൻതോതിൽ വൈദ്യുതി കയറ്റുമതി ചെയ്യാൻ തുടങ്ങി. കണ്ണൂരിനു വടക്കോട്ടുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് നില വളരെ മോശമായതിനെ തുടർന്ന് 1979 മുതൽ ആ പ്രദേശങ്ങളിലെ വൈദ്യുതി വിതരണം കർണ്ണാടകയിലെ മംഗലാപുരത്തു നിന്നുള്ള 110 കെ.വി ലൈനിലൂടെ ആക്കി. 1976നു ശേഷം 1985 വരെ സ്ഥാപിതശേഷിയിൽ വർദ്ധനവൊന്നും ഉണ്ടായില്ല. 1985 ഒക്ടോബറിൽ ഇടുക്കി രണ്ടാംഘട്ടത്തിലെ ആദ്യത്തെ ജനറേറ്റർ കമ്മീഷൻ ചെയ്തു. 1986 മാർച്ചോടെ രണ്ടാംഘട്ടം പൂർത്തിയായി. ഇടമലയാർ പദ്ധതി കമ്മീഷന് ചെയ്യുന്നത് 1987ലാണ്.

ഒന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ വിവിധ കാലഘട്ടങ്ങളിൽ കേരളത്തിലെ സ്ഥാപിതശേഷി, പ്രസരണ ശൃംഖല, വിതരണ മേഖല എന്നിവയുടെ വളർച്ച സൂചിപ്പിക്കുന്ന പട്ടികകൾ താഴെ കൊടുക്കുന്നു.

### പട്ടിക 4. 1

**കേരളം - സ്ഥാപിശേഷി / പ്രസരണ ശൃംഖലയുടെ വളർച്ച**

| Period | Installed Capacity MW | Length of EHT Lines CKT Km | Substations | |
|---|---|---|---|---|
| | | | Transformation Capacity MVA | No. of EHT S/S |
| Begining of 1st Plan (1.4.51) | 36 | 910.7 | 58.4 | 12 |
| End of 1st Plan (31.3.56) | 85.5 | 1070 | 140.7 | 15 |
| End of 2nd Plan (31.3.61) | 132.5 | 1900 | 201 | 22 |
| End of 3rd Plan (31.3.66) | 195.5 | 2334.5 | 375 | 38 |
| End of 4th Plan (31.3.74) | 621.5 | 2157.4 | 1219 | 59 |
| End of 5th Plan (31.3.79) | 1011.5 | 4257.7 | 2330 | 80 |
| End of 6th Plan (31.3.85) | 1011.5 | 5132 | 3773 | 108 |
| End of 7th Plan (31.3.90) | 1476.5 | 5760 | 4173.6 | 130 |
| End of 8th Plan (31.3.97) | 1508.5 | 6274.823 | 7296.3 | 157 |
| End of 9th Plan (31.3.2002) | 2604.45 | 9021.13 | 10573.5 | 194 |
| End of 10th Plan (31.3.2007) | 2662.96 | 8785.34 Km | 13777 | 210 |
| End of 11th Plan (31.3.2012) | 2878.36 | 9047.61 Km | 16996 | 238 |
| End of 4th year of 12th Plan (31.3.2016) | 2880.18* | 9367.97 Km | 18779 | 250 |

* 2 x 16 MW of KDPP & 2 x 21.32 MW BDPP decommissioned

## പട്ടിക 4. 2

**കേരളം - വിതരണ രംഗത്തെ വളർച്ച**

| | No of Consumers | Length of Line in KM | | Distribution Transformers | | Village Electrification |
|---|---|---|---|---|---|---|
| | | HT | LT | Nos | MVA | % |
| Begining of 1st Plan (1.4.51) | 28119 | 1067 | 992 | 324 | 9.95 | 3.5 |
| End of 1st Plan (31.3.56) | 78575 | 2802 | 3783 | 845 | 50.70 | 8.4 |
| End of 2nd Plan (31.3.61) | 174994 | 5449 | 8899 | 2898 | 173.91 | 19.2 |
| End of 3rd Plan (31.3.66) | 325063 | 6570 | 14189 | 3930 | 261.83 | 68.8 |
| End of 4th Plan (31.3.74) | 777030 | 9645 | 25968 | 8285 | 566.26 | 92.5 |
| End of 5th Plan (31.3.79) | 1171751 | 12645 | 42507 | 10330 | 884.38 | 98.4 |
| End of 6th Plan (31.3.85) | 22.17 Lakhs | 16317 | 71259 | 12597 | 1337 | 100% as on 31.3.80 |
| End of 7th Plan (31.3.90) | 31.92 Lakhs | 19627 | 95838 | 16394 | 1829.7 | |
| End of 8th Plan (31.3.97) | 49.23 Lakhs | 26444 | 132864 | 25940 | 3192.57 | |
| End of 9th Plan (31.3.2002) | 66.62 Lakhs | 30971 | 191931 | 32585 | 4389 | |
| End of 10th Plan (31.3.2007) | 87.14 Lakhs | 36576 | 226128 | 39697 | 5063 | |
| End of 11th Plan (31.3.2012) | 104.58 Lakhs | 51489 | 260554 | 62329 | 7674 | |
| End of 4th year of 12th Plan (31.3.2016) | 116.68 Lakhs | 57650 | 285970 | 73460 | 8950 | |

1987 മുതൽ കേരളത്തിന്റെ വൈദ്യുതാവശ്യകത നിറവേറ്റാൻ ഇറക്കുമതിയെ ആശ്രയിച്ചുപോന്നു. 1987ൽ 9.65 ശതമാനമായിരുന്ന ഇറക്കുമതി 2015 - 16 ആകുമ്പോഴേക്കും 68.5 ശതമാനമായി ഉയർന്നു. ഇറക്കുമതിയുടെ വർദ്ധന സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

## പട്ടിക 4. 3

| വർഷം | ശതമാനം |
|---|---|
| 86-87 | 9.65 |
| 89-90 | 17.3 |
| 96-97 | 37.6 |
| 01-02 | 29.4 |
| 06-07 | 46.6 |
| 11-12 | 52.5 |
| 15-16 | 68.5 |

1996 ജനുവരിയിൽ കേരളത്തിൽ മൂന്നര മണിക്കൂർ ലോഡ്ഷെഡ്ഡിങ്ങും 100 ശതമാനം പവർകട്ടും ഏർപ്പെടുത്തേണ്ട സ്ഥിതി വന്നു.

1996-2001 കാലഘട്ടത്തിൽ സ്ഥാപിതശേഷിയിൽ 1000 മെഗാവാട്ടിലധികം വർധനയുണ്ടായി. 2000 ഒക്ടോബർ മാസത്തിൽ ലോഡ്ഷെഡ്ഡിങ്ങ് പൂർണ്ണമായും പിൻവലിച്ചു. എന്നാൽ 2002 മുതൽ സാങ്കേതികവും അല്ലാത്തതുമായ കാരണങ്ങളാൽ പിന്നീട് പലപ്പോഴായി പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. 2017 ജനുവരി മാസത്തെ കണക്കു പ്രകാരം കേരളത്തിലെ വൈദ്യുതി ഉല്പാദന സ്ഥാപിതശേഷി 2894 .50 മെഗാവാട്ടാണ്. ഇതിൽ 2116 മെഗാവാട്ട് ജലനിലയങ്ങളിൽ നിന്നും 718.5 മെഗാവാട്ട് താപനിലയങ്ങളിൽ നിന്നും 43.3 മെഗാവാട്ട് കാറ്റിൽ നിന്നും 16.85 മെഗാവാട്ട് സോളാറിൽ നിന്നുമാണ്.

ഉടമസ്ഥത തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കെ.എസ്.ഇ.ബി | : | 2215.59 മെഗാവാട്ട് (76.6 %) |
| കേന്ദ്രം | : | 359.58 മെഗാവാട്ട് (12.4 %) |
| സ്വകാര്യം | : | 319.34 മെഗാവാട്ട് (11 %) |

ദ്രവ ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപ നിലയങ്ങളിൽ നിന്നുള്ള (698 മെഗാവാട്ട്) വൈദ്യുതിയുടെ ഉയർന്ന വില കാരണം അവിടെ നിന്നുള്ള വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ ഉപയോഗിക്കുന്നില്ല. കേന്ദ്ര പൂളിൽ നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം 1482 മെഗാവാട്ടാണ്. കേന്ദ്ര പൂളിൽ നിന്നും കേരളത്തിലെ നിലയങ്ങളിൽ നിന്നുമായി 3000 മെഗാവാട്ട് വൈദ്യുതിയാണ് പീക്ക് സമയത്ത് ലഭ്യമാകുന്നത്. കേരളത്തിൽ ഇതുവരെ അനുഭവപ്പെട്ടതിൽ ഏറ്റവും ഉയർന്ന പീക്ക് ആവശ്യകത 4004 മെഗാവാട്ടാണ് (27.4.2016ന്). ഉയർന്ന ആവശ്യകത നേരിടാനാവശ്യമായ അധിക വൈദ്യുതി കമ്പോളത്തിലെ കച്ചവടക്കാരിൽ നിന്നു വാങ്ങിക്കുകയാണ് ചെയ്യുന്നത്. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയാത്തതിനാൽ ഇനിയും കൂടുതലായി ഇറക്കുമതിയെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലനിൽക്കുന്നത്.

## സ്വകാര്യവൽക്കരണ നടപടികൾ കേരളത്തിൽ

കാർബറാണ്ടം യൂണിവേഴ്സൽ എന്ന കമ്പനിക്ക് ചെറുകിട ജലവൈദ്യുതി പദ്ധതിയായ മണിയാർ പ്രോജക്ട് ക്യാപ്റ്റീവ് പദ്ധതി എന്ന നിലയിൽ കൈമാറാൻ കരാർ ഒപ്പിട്ടുന്നത് 1991 ജനുവരി മാസത്തിലാണ്. കേരളത്തിൽ സ്വകാര്യ മേഖലയിലെ ആദ്യത്തെ ഉല്പാദനനിലയമായ മണിയാർ പദ്ധതി 1994 മാർച്ചിൽ പ്രവർത്തനം ആരംഭിച്ചു.

എണ്ണ ഒഴിച്ചുള്ള ഏതുതരത്തിലുള്ള സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ സ്വകാര്യമേഖലക്ക് അനുമതി നൽകിക്കൊണ്ട് 1992 മാർച്ച് 12ന് സർക്കാർ ഉത്തരവിറക്കി. ഇതനുസരിച്ച് മൊത്തം 166.25 മെഗാവാട്ട് ശേഷി വരുന്ന 17 ചെറുകിട ജലവൈദ്യുതി പദ്ധതികൾ 4 സ്വകാര്യ സംരംഭകർക്കായി അനുവദിക്കുകയും അവരുമായി

ധാരണാപത്രം ഒപ്പുവെക്കാൻ കെ.എസ്.ഇ.ബി.യെ അധികാരപ്പെടുത്തുകയും ചെയ്തു. താഴെ പറയും പ്രകാരമാണ് പദ്ധതികൾ അനുവദിച്ചത്.

M/S INDSIL - കുത്തുങ്കൽ (21 MW), കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം (50 MW)
M/S SILCAL - ഭൂതത്താൻകെട്ട് (16 MW)
M/S TECIL - ഉള്ളുങ്കൽ (6 MW), കാരിക്കയം (12 MW)
M/S IDEAL Projects - ആനക്കയം (8 MW), പശുക്കടവ് (2.5 MW), അടക്കാത്തോട് (2.5 MW), ചെമ്പുകടവ് I (2.25 MW), വാഞ്ചിയം (3 MW), ചാത്തങ്കോട്ടു നട I (2.5 MW), ബാരാപോൾ (9 MW), ചാത്തങ്കോട്ടു നട II (7 MW), വിലങ്ങാട് (7 MW), പാൽച്ചുരം (3.5 MW), വെസ്റ്റേൺ കല്ലാർ (5 MW), ചെമ്പുകടവ് II (9 MW)

കുത്തുങ്കൽ പദ്ധതിക്കുള്ള ധാരണാപത്രം INDSIL 1992 ആഗസ്റ്റ് മാസത്തിൽ ഒപ്പുവെച്ചു. നിലവിലെ കുറ്റ്യാടി പദ്ധതിയുടെ ഭാഗമായ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം സ്വകാര്യ മേഖലക്ക് കൈമാറുന്നതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നതിനെ തുടർന്ന് ആ ശ്രമം ഉപേക്ഷിക്കേണ്ടി വന്നു. മറ്റ് കമ്പനികൾ എല്ലാം 1992ൽ തന്നെ ധാരണാപത്രം ഒപ്പുവച്ചു. 2004 ആകുമ്പോഴേക്കും 27 ചെറുകിട ജലവൈദ്യുതി പദ്ധതികൾ ഇതുപോലെ സ്വകാര്യ മേഖലക്കനുവദിച്ചു. ഇതിൽ 4 എണ്ണം ജില്ലാ പഞ്ചായത്തുകൾക്കായിരുന്നു. മണിയാറിനു ശേഷം കുത്തുങ്കൽ പദ്ധതി മാത്രമാണ് 2004നകം കമ്മീഷൻ ചെയ്തത്.
സ്വകാര്യവൽക്കരണം ത്വരിതപ്പെടുത്താൻ ദ്രവ ഇന്ധന നിലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം കേന്ദ്ര ഗവണ്മെന്റ് സ്വീകരിച്ചതിന്റെ തുടർച്ചയായി കേരളത്തിലും ഇത്തരത്തിലുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ മേഖലക്ക് അനുമതി നൽകി. സംസ്ഥാന ഗവണ്മെന്റിന്റെ നിർദ്ദേശ പ്രകാരം 1995 അവസാനവും 1996 തുടക്കത്തിലുമായി മൊത്തം 4470 മെഗാവാട്ട് ശേഷി വരുന്ന 9 നിലയങ്ങൾ സ്ഥാപിക്കാൻ സ്വകാര്യ സംരംഭകരുമായി പവർ പർച്ചേസ് എഗ്രിമെന്റുകൾ ഒപ്പിട്ടു.

## വൈദ്യുതി വാങ്ങൽ കരാറിലെ സുപ്രധാന വ്യവസ്ഥകൾ

i) സ്വകാര്യ നിലയങ്ങൾ 68.5 ശതമാനം പ്ലാന്റ് ലോഡ് ഫാക്ടറിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും വൈദ്യുതി ബോർഡ് വാങ്ങിക്കൊള്ളാം, വാങ്ങാൻ കഴിയില്ലെങ്കിൽ വാങ്ങിയതായി കണക്കാക്കി വില നൽകാം.
ii) സ്വകാര്യ നിലയങ്ങൾക്ക് ബേസ് ലോഡ് സൗകര്യം നൽകുന്നതാണ്.

രണ്ടുവർഷത്തിനകം കേരളത്തെ വൈദ്യുതി മിച്ചമാക്കുമെന്ന് പ്രഖ്യാപിച്ചാണ് ഈ കരാറുകളിൽ ഏർപ്പെട്ടത്. മൂന്നര മണിക്കൂർ ലോഡ്ഷെഡ്ഡിംഗും 100 ശതമാനം പവർകട്ടും ഏർപ്പെടുത്തിയ സാഹചര്യത്തിൽ ജനരോഷത്തിൽ നിന്നു രക്ഷപ്പെടാനാണ് ഇത്തര

ർത്തികമായിരുന്നെങ്കിൽ രണ്ടായിരാമാണ്ടിൽ കേരളത്തിന് ആവശ്യമായി വരുന്ന വൈദ്യുതിയേക്കാൾ എത്രയോ കൂടുതൽ ഉല്പാദിപ്പിക്കപ്പെടുമായിരുന്നു. ഇതു മുഴുവൻ വാങ്ങിക്കൊള്ളാമെന്നും ഇല്ലെങ്കിൽ വാങ്ങിയെന്നു കണക്കാക്കി പണം നൽകാമെന്നും കരാർ ഉണ്ടാക്കിയതിന്റെ ഫലമായി വൈദ്യുതി ബോർഡ് പാപ്പരാകുമായിരുന്നു.

## 1996 - 2001 കാലഘട്ടം

1996ൽ ഭരണമാറ്റത്തെ തുടർന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നു. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുക എന്നതായിരുന്നു ഈ ഗവണ്മെന്റിന്റെ പ്രഥമ പരിഗണന. വൈദ്യുതി ബോർഡിനെ വിഭജിക്കാതെ പൊതുമേഖലയിൽ തന്നെ നിലനിർത്തി കാര്യക്ഷമമാക്കുമെന്നും രണ്ടായിരാമാണ്ടോടെ കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റുമെന്നും ഗവണ്മെന്റ് പ്രഖ്യാപിച്ചു. കെ.എസ് .ഇ.ബി.യെ ഉയർന്ന ഉപഭോക്തൃ സൗഹൃദം പുലർത്തുന്ന ഒരു സ്ഥാപനമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് ഗവണ്മെന്റ് വ്യക്തമാക്കി.

പണി നടക്കുന്ന ഉല്പാദന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പ്രസരണ ശൃംഖല ശക്തിപ്പെടുത്താനും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തിയതിന്റെ ഫലമായി കേരള ചരിത്രത്തിൽ അതുവരെ ഉണ്ടാകാത്ത രീതിയിലുള്ള നേട്ടങ്ങളാണ് വൈദ്യുതി മേഖലയിൽ ആ ഗവണ്മെന്റിന്റെ കാലത്ത് ഉണ്ടായത്. 5 വർഷം കൊണ്ട് 1060 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു. 2685 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈൻ നിർമ്മിച്ചു. 33 കെ.വി. ശൃംഖലക്ക് തുടക്കമിട്ടു. ഉത്തരമലബാറിലേക്ക് 220 കെ. വി. പ്രസരണ ലൈൻ എത്തിച്ച് അവിടത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി പ്രതിസന്ധിക്കും പരിഹാരം കണ്ടു. ഇതിന്റെയെല്ലാം ഭാഗമായി 2000 ഒക്ടോബറിൽ ലോഡ്ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിച്ചു.

1998 ജൂലൈയിൽ പുതിയ ഊർജ്ജ നയം പ്രഖ്യാപിച്ചു. രാജ്യത്ത് നിലനിൽക്കുന്ന സ്വകാര്യവൽക്കരണ നയങ്ങൾക്ക് ബദലായി കേരളത്തിൽ വൈദ്യുതി മേഖല പൊതുമേഖലയിൽ നിലനിർത്തി കാര്യക്ഷമവും ജനോപകാരപ്രദവും ആക്കുമെന്ന് പ്രഖ്യാപിക്കുന്നതായിരുന്നു ഈ നയം.

## 2001ന ശേഷം

2001ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഭരണമാറ്റമുണ്ടായി. പിന്നീട് വന്ന ഗവണ്മെന്റിന്റെ കാലത്ത് ബോർഡിനെ സ്വകാര്യവൽക്കരണത്തിലേക്ക് നയിക്കുന്ന നിലപാടുകളാണ് സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി 2001 ആഗസ്റ്റ് 20ന് കേന്ദ്ര ഗവണ്മെന്റുമായി ധാരണാപത്രം ഒപ്പിട്ടു. കേരളത്തിന്റെ പൊതുഭരണ രംഗത്തും ധനകാര്യ മാനേജ്മെന്റിലും വൈദ്യുതിരംഗത്തും ഒക്കെ എ ഡി ബി (ADB - ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്) നിർണ്ണായമായ ഇടപെടൽ നടത്തിയ കാലഘട്ടമായിരുന്നു അത്. കേരളത്തിലെ വൈദ്യുതി മേഖലാ വികസന പദ്ധതിയുടെ ഭാഗമായി 2001 ഒക്ടോബർ 4-ന് എ ഡി ബി ഒരു ടെക്നിക്കൽ അസിസ്റ്റൻസ് പദ്ധതി അംഗീകരിച്ചു. പരിഷ്കരണ പരിപാടി

ാടിക്കാവാശ്യമായ നയ രൂപീകരണവും നിയമനിർമ്മാണവും ഈ പദ്ധതിയുടെ അവിഭാജ്യ ഘടകമായിരുന്നു. വൈദ്യുതി മേഖലാ പരിഷ്കരണത്തിനായി ഒരു റിഫോം ബിൽ എ.ഡി.ബി തയ്യാറാക്കും എന്ന വെളിപ്പെടുത്തലും ഉണ്ടായി. കേരളത്തിന്റെ Fiscal ref orms പദ്ധതിക്ക് എ ഡി ബി വായ്പ ലഭിക്കണമെങ്കിൽ ഊർജ്ജമേഖലാ പരിഷ്കരണങ്ങൾ ത്വരിതപ്പെടുത്തണമെന്ന് എ ഡി ബി ആവശ്യപ്പെട്ടതായും 2002 സെപ്തംബർ മുതൽ നടപ്പിൽ വരത്തക്കവിധം പ്രസ്തുത പരിഷ്കാരങ്ങൾ ഊർജ്ജിതപ്പെടുത്തുമെന്ന് കേരളം ഉറപ്പു നൽകുകയും ചെയ്തതായും വാർത്തകൾ വന്നു. എ ഡി ബി വൈദ്യുതി മേഖലക്ക് നിഷ്കർഷിച്ച ഘടനാരൂപം ഒറീസ്സാ മോഡൽ തന്നെ ആയിരുന്നു.

2001ൽ നിയമസഭയിൽ അവതരിപ്പിച്ച "കേരളാ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബിൽ" വൈദ്യുതി ഉത്പാദന - പ്രസരണ - വിതരണ രംഗങ്ങളടക്കം സംസ്ഥാന ഗവണ്മെന്റിന്റെ അധികാര പരിധിയിൽ വരുന്ന 22 മേഖലകൾ സ്വകാര്യവൽക്കരിക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. ഇത് എ ഡി ബി നയങ്ങൾ സാക്ഷാത്കരിക്കാൻ വേണ്ടി അവതരിപ്പിച്ചതാണ്.

2002ൽ Modernising Government Programme (MGP) എന്ന പേരിൽ തയ്യാറാക്കിയ ഒരു രേഖ ഗവണ്മെന്റ് പുറത്തിറക്കി. വൈദ്യുതി മേഖലയിൽ കെ. എസ്. ഇ. ബിയെ മൂന്നായി വിഭജിക്കണമെന്നും ഉത്പാദന മേഖലക്കു പുറമെ വിതരണ രംഗം കൂടി സ്വകാര്യമേഖലക്ക് തുറന്നു കൊടുക്കണമെന്നുമുള്ള നിർദ്ദേശം MGPയിൽ ഉണ്ടായിരുന്നു.

കെ എസ് ഇ ബി യിൽ പരിഷ്കരണത്തിന്റെ ഭാഗമായി ചെയ്യേണ്ട കാര്യങ്ങൾ സമഗ്രമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 2002 മാർച്ച് 22ന് എ ഡി ബി കൺസൾട്ടന്റുമാരെ നിയമിച്ചു. മുംബൈ ആസ്ഥാനമായ ക്രിസിൽ അഡ്വൈസറി സർവീസസ് (CAS) എന്ന സ്ഥാപനവും വാഷിംഗ്ടൺ ആസ്ഥാനമായുള്ള നെക്സന്റ് എന്ന സ്ഥാപനവും സംയുക്തമായാണ് ഈ ജോലി നിർവ്വഹിച്ചത്. 2002 സെപ്തംബർ ആദ്യവാരം കൺസൾട്ടന്റുമാർ അവരുടെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു.

വൈദ്യുതി മേഖലയുടെ പരിഷ്കരണത്തിനായി തയ്യാറാക്കുന്ന പരിഷ്കരണ നിയമം (Reform bill) 2003 ജനുവരി 1ന് മുൻപ് പ്രാബല്യത്തിൽ വരണമെന്ന് ഇതിൽ നിർദ്ദേശിച്ചിരുന്നു. 2002 ഒക്ടോബർ 4ന് വിവിധ മേഖലകളിൽ ഭരണപരിഷ്കരണത്തിന്റെ ഭാഗമായി നടപ്പാക്കേണ്ട കർമ്മ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കി.

1800 കോടി രൂപ എ ഡി ബി യിൽ നിന്ന് വായ്പയെടുക്കാൻ 2002 ഡിസംബർ മാസത്തിൽ മനിലയിൽ വച്ച് കേരള സർക്കാർ പ്രതിനിധികൾ കരാറിൽ ഒപ്പുവെച്ചു. കെ എസ് ഇ ബി യുടെ റവന്യൂ കമ്മി നികത്താൻ 375 കോടി രൂപയും വായ്പകൾ എഴുതിത്തള്ളാൻ 340 കോടി രൂപയുമടക്കം മൊത്തം 715 കോടി രൂപയാണ് ഇതിൽ വകയിരുത്തിയത്. "ഭരണ നവീകരണത്തിനും ധനകാര്യ പരിഷ്കരണത്തിനുമുള്ള കേരളത്തിന്റെ പരിപാടി" എന്നാണ് ഈ കരാറിന്റെ പേര്. 2003 ജൂൺ 19ന് മന്ത്രിസഭ ഭരണനവീകരണ പരിപാടി അംഗീകരിച്ച് ഉത്തരവായി.

## വൈദ്യുതി നിയമം 2003

2003 ജൂൺ 10ന് വൈദ്യുതി നിയമം പ്രാബല്യത്തിൽ വന്നു. നിയമത്തിലെ വ്യവസ്ഥ 172 പ്രകാരം പുതിയ വൈദ്യുതി നിയമം 6 മാസത്തേക്ക് കേരളത്തിൽ നടപ്പാക്കേണ്ടെന്ന് തീരുമാനിച്ചു. കൈമാറ്റ പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാഥമിക ജോലികൾ പൂർത്തിയാക്കാൻ ഇത്രയും സമയം വേണ്ടിവരുമെന്നതിനാലാണിത്. കേന്ദ്ര നിയമം പാർലമെന്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് അനിശ്ചിതത്വം നിലനിന്ന കാലയളവിൽ തന്നെ അത്തരത്തിലൊരു നിയമം (റിഫോം ബിൽ) പാസ്സാക്കിക്കൊള്ളാമെന്ന് കേരള സർക്കാർ എ ഡി ബി ക്ക് ഉറപ്പ് നൽകിയിരുന്നു. കേന്ദ്ര നിയമം വന്നതോടെ കേരളത്തിലെ വൈദ്യുതി മേഖലയെ വിഭജിക്കാനും സ്വകാര്യവൽക്കരിക്കാനും ലക്ഷ്യമിട്ടുകൊണ്ട് എ ഡി ബി സഹായത്തോടെ തയ്യാറാക്കി വന്നിരുന്ന റിഫോം ബിൽ അധികപ്പറ്റായി.

കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തി കെ എസ് ഇ ബി യെ മൂന്നു മാസത്തിനുള്ളിൽ രണ്ടു കമ്പനികളാക്കുമെന്നും അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ കൺസൾട്ടന്റിനെ ഉടൻ നിയമിക്കുമെന്നും 2004 ജനുവരി 8ന് വൈദ്യുതി മന്ത്രി പ്രഖ്യാപിച്ചു. ഇതേതുടർന്ന് വൈദ്യുതി ബോർഡിലെ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ വൈദ്യുതി ബോർഡിനെ ഒറ്റ സ്ഥാപനമായി പൊതുമേഖലയി ൽ നിലനിർത്തണമെന്ന ആവശ്യമുയർത്തിയുള്ള പ്രക്ഷോഭം ശക്തിപ്പെട്ടു. ബോർഡിന് ഒറ്റ സ്ഥാപനമായി തുടരാൻ പുതിയ കേന്ദ്ര നിയമത്തിനുള്ളിൽ നിന്നുകൊണ്ട് സാധ്യത വല്ലതുമുണ്ടെങ്കിൽ അതുപയോഗിക്കാനും കൺസൾട്ടന്റ് നിയമനം തൽക്കാലത്തേക്ക് മാറ്റിവെക്കാനും ധാരണയായി. എന്നാൽ ഇതിനു വിരുദ്ധമായി 2004 അവസാനത്തോടെ കൺസൾട്ടന്റായി അമേരിക്കൻ കമ്പനിയായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിനെ ഗവണ്മെന്റ് തെരഞ്ഞെടുത്തു. ഇതിനെതിരെ ശക്തമായ പ്രതിഷേധമുയർന്നു. ഇവയെ തുടർന്ന് കെ എസ് ഇ ബി യെ വെട്ടിമുറിക്കാൻ അന്നത്തെ ഗവണ്മെന്റിന് സാധിച്ചില്ല. 2004 ൽ കേന്ദ്രത്തിലുണ്ടായ ഭരണമാറ്റത്തെത്തുടർന്ന് വന്ന യു പി എ ഭരണത്തിൽ ഇടതുപക്ഷ കക്ഷികൾക്കുണ്ടായിരുന്ന സ്വാധീനവും സ്വകാര്യവൽക്കരണ നീക്കങ്ങളെ പുറകോട്ടടിപ്പിക്കാൻ സഹായിച്ചു. 2008ൽ ആണവ സഹകരണ കരാറിനെ തുടർന്ന് ഇടതുപക്ഷം യു പി എ ഗവണ്മെന്റിന് പിന്തുണ പിൻവലിച്ചതിനെ തുടർന്ന് കേന്ദ്ര ഗവണ്മെന്റ് സ്വകാര്യവൽക്കരണ നീക്കങ്ങൾക്ക് തീവ്രത കൂട്ടി.

2003 ഡിസംബർ 10 മുതൽ കെ എസ് ഇ ബി ഒരേ സമയം സംസ്ഥാന ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും വിതരണ ലൈസൻസിയായും മാറിക്കഴിഞ്ഞു. സംസ്ഥാന ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്നിടത്തോളം കാലം ഈ സ്ഥിതി തുടരാം എന്ന നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 2008 സെപ്തംബർ 24 വരെ ഈ സ്ഥിതി തുടർന്നു.

## കെ എസ് ഇ ബി ലിമിറ്റഡ് രൂപീകൃതമാകുന്നു

2006 - 2011 കാലഘട്ടത്തിൽ കേരളത്തിൽ അധികാരത്തിലിരുന്ന എൽ ഡി എഫ് ഗവണ്മെന്റ് കെ എസ് ഇ ബി യെ പൊതുമേഖലയിൽ ഒറ്റ സ്ഥാപനമായി നിലനിർത്തുമെന്ന സമീപനമാണ് സ്വീകരിച്ചത്. 2008 സെപ്തംബർ 24 ന ശേഷം പഴയ

സ്ഥിതി തുടരാൻ കേന്ദ്രം അനുവദിക്കാത്തതിനെ തുടർന്ന് കെ എസ് ഇ ബി യുടെ സ്വത്തുക്കൾ ഗവൺമെന്റിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 2008 സെപ്തംബർ 25ന് സംസ്ഥാന ഗവൺമെന്റ് വിജ്ഞാപനമിറക്കി. ഇങ്ങനെ ഗവൺമെന്റിൽ നിക്ഷിപ്തമായ സ്വത്തുക്കൾ 1956ലെ കമ്പനി നിയമപ്രകാരം രൂപീകരിക്കുന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയിലേക്ക് കൈമാറ്റം ചെയ്യണമെന്ന വ്യവസ്ഥയും വിജ്ഞാ **പനത്തിൽ ഉണ്ടായിരുന്നു. 2011 ജനവരി 11ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കപ്പെട്ടു. 2008 സെപ്തംബർ 25ലെ ഉത്തരവ് പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായ കെ എസ് ഇ ബി യുടെ സ്വത്തുക്കൾ 'കെ എസ് ഇ ബി എൽ' എന്ന കമ്പനിയിലേക്ക് മാറ്റിക്കൊണ്ടുള്ള വിജ്ഞാപനം 2013 ഒക്ടോബർ 31ന് പുറത്തിറങ്ങി. 2013 നവംബർ 1 മുതൽ കെ എസ് ഇ ബി ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തനം ആരംഭിച്ചു.

## കേരളം - ബദൽ മാതൃക

1998 ജൂലൈ മാസത്തിൽ പുറത്തിറക്കിയ വൈദ്യുതോർജ്ജ നയത്തിൽ കെ എസ് ഇ ബി യുടെ പരിഷ്കരണം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ഗവൺമെന്റ് വ്യക്തമാക്കിയിരുന്നു.

കെ എസ് ഇ ബി യെ സ്വകാര്യവൽക്കരിക്കുക എന്ന ആശയത്തോട് ഗവൺമെന്റ് ശക്തമായി വിയോജിക്കുന്നു. ബോർഡിനെ വിഭജിക്കാനും ഉദ്ദേശമില്ല. പൊതുജനങ്ങളുടെ ഉടമസ്ഥതയിൽ ജനോപകാരപ്രദമായ സേവന സ്ഥാപനമായി ബോർഡിനെ നിലനിർത്തും. ഉൽപാദന പ്രസരണ വിതരണ മേഖലകൾ ഓരോന്നും പ്രത്യേക കമ്പനികളാക്കി മാറ്റണമെന്ന നിർദ്ദേശവും ഗവൺമെന്റ് തള്ളിക്കളയുന്നു. എന്നാൽ ബോർഡിന്റെ ഇന്നത്തെ ഘടനയിലും സമീപനങ്ങളിലും സമഗ്രമായ മാറ്റം അനിവാര്യമാണ്.

പ്രവർത്തനശേഷി മെച്ചപ്പെടുത്തുന്നതിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക, ഉപഭോക്താക്കളെ അസംതൃപ്തരാക്കുന്ന നടപടികൾ ഒഴിവാക്കി നല്ല ഉപഭോക്തൃബന്ധം വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ രണ്ടായിരാമാണ്ടിൽ വൈദ്യുതി സ്വയം പര്യാപ്തത നേടാനുള്ള ശ്രമങ്ങൾക്കൊപ്പം ബോർഡ് സാക്ഷാത്കരിക്കണം. ഉപഭോക്തൃസേവന തുറകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും വികസന - സേവനോന്മുഖവും ഊർജ്ജസ്വലവുമായ ഒരു പുതിയ തൊഴിൽ സംസ്കാരം ബോർഡിൽ വളർത്തിയെടുക്കുകയും ചെയ്യണം.

ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി 1997 മാർച്ച് 31 വരെ സംസ്ഥാന ഗവൺമെന്റ് ബോർഡിനു നൽകിയിരുന്ന വായ്പാ മൂലധനവും പലിശയുമടക്കം 1553 കോടി രൂപ ഓഹരി മൂലധനമാക്കി മാറ്റി. "VISION 2000" എന്ന പഠന പരിപാടിയിലൂടെ ബോർഡിലെ മുഴുവൻ ജീവനക്കാരിലേക്കും പുതിയ നയത്തിന്റെ സന്ദേശമെ

പുതിയ തൊഴിൽ സംസ്കാരം സൃഷ്ടിക്കാൻ സാധിച്ചു. ഉല്പാദന - പ്രസരണ - വിതരണ മേഖലകളിൽ വൻ കുതിച്ചുചാട്ടമുണ്ടാക്കാൻ 1996 - 2001 കാലഘട്ടത്തിൽ സാധിച്ചു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡുകൾ വെട്ടിമുറിച്ച് കമ്പനികളാക്കുകയും ചിലത് സ്വകാര്യവൽക്കരിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിൽ അതിനെതിരായ ഒരു ബദൽ നയം ഉയർത്തിക്കൊണ്ടു വരികയും അത് വിജയകരമായി നടപ്പാക്കാൻ കഴിയും എന്ന് തെളിയിക്കുകയുമാണ് കേരളാ ഗവണ്മെന്റ് ചെയ്തത്.

തുടർന്ന് വന്ന ഗവണ്മെന്റിന് ഈ നേട്ടങ്ങൾ തുടരാൻ സാധിച്ചില്ല. എ ഡി ബി ലോൺ സ്വീകരിക്കുന്നതിന്റെയും മറ്റും ഭാഗമായി സ്വകാര്യവൽക്കരണത്തിന്റെ പാതയാണ് അവർ സ്വീകരിച്ചത്. അതിനെതിരായി നടന്ന ശക്തമായ ചെറുത്തുനിൽപുകളെ തുടർന്ന് അത്തരം ശ്രമങ്ങൾ വിജയിച്ചില്ല. 2006 - 11 കാലഘട്ടത്തിൽ കെ എസ് ഇ ബി യെ പൊതുമേഖലയിൽ ഒറ്റ സ്ഥാപനമായി നിലനിർത്തുകയും കാര്യക്ഷമമാക്കുകയും ചെയ്തു.

## 2014ലെ ലോക ബാങ്ക് റിപ്പോർട്ട്

2003 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയിലെ 60ഓളം പൊതു - സ്വകാര്യ വൈദ്യുതി സ്ഥാപനങ്ങളുടെ പ്രവർത്തനപരവും സാമ്പത്തികവുമായ കാര്യക്ഷമത പരിശോധിച്ച് ലോക ബാങ്ക് 2014 ജൂണിൽ പുറത്തിറക്കിയ റിപ്പോർട്ടിനെ പറ്റി മുൻ ലക്കങ്ങളിൽ സൂചിപ്പിച്ചിരുന്നുവല്ലോ.

"കേരളം - ഒരു വിജയകരമായ സംസ്ഥാന വൈദ്യുതി ബോർഡ്" എന്ന തലവാചകത്തോടെ കേരളത്തിന്റെ മികവ് ലോക ബാങ്ക് എടുത്തുപറഞ്ഞ് പ്രകീർത്തിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ പറയുന്ന ചില പ്രധാന കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. കേരളത്തിലെ കുറഞ്ഞ വിതരണ നഷ്ടം ആഗോളതലത്തിലെ മികച്ച യൂട്ടിലിറ്റികളുമായി താരതമ്യപ്പെടുത്താവുന്നതാണ്.
2. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ സ്ഥാപനത്തിനാവശ്യമായ സോഫ്റ്റ് വെയർ ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തു.
3. പ്രസരണ - വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നടത്തിയ ശ്രമങ്ങൾ.
4. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ.
5. ബില്ലിംഗിനും പണം സ്വീകരിക്കുന്നതിനും ഏർപ്പെടുത്തിയ കാര്യക്ഷമമായ മാർഗ്ഗങ്ങൾ.
6. ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നിരന്തരമായി എടുത്ത നടപടികൾ.
7. ഊർജ്ജസംരക്ഷണം, ഡിമാന്റ് സൈഡ് മാനേജ്മെന്റ് എന്നീ മേഖലകളിൽ നടത്തിയ പ്രവർത്തനം, സംസ്ഥാനാടിസ്ഥാനത്തിൽ ബചത് ലാമ്പ് യോജന പൂർണ്ണമായി നടപ്പാക്കി.
8. 2011 വരെയുള്ള പ്രവർത്തനലാഭം പരിഗണിക്കുമ്പോൾ കെ എസ് ഇ ബി ഇന്ത്യയിലെ വിതരണ സ്ഥാപനങ്ങളിൽ മുൻപന്തിയിൽ.

2011 നു ശേഷം കെ എസ് ഇ ബി യുടെ സാമ്പത്തിക ഭദ്രതക്ക് കോട്ടം തട്ടുകയാണെ

കംയാണെന്നും മുൻകാല ലാഭം ഇപ്പോഴത്തെ റവന്യൂ വിടവ് നികത്താൻ ഉപയോഗിച്ച് വരികയാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയിലെ വൈദ്യുതി മേഖലയിൽ അനുഭവങ്ങളുടെ വെളിച്ചത്തിൽ പരാജയമെന്ന് തെളിഞ്ഞ ആഗോളവൽക്കരണ നയങ്ങൾക്ക് ബദലായ മാതൃക ആവിഷ്കരിച്ച് കേരളത്തിലെ വൈദ്യുതി മേഖലയെ ജനോപകാരപ്രദവും കാര്യക്ഷമവുമാക്കി മാറ്റാൻ നടത്തിയ പരിശ്രമങ്ങൾ കുറേയേറെ വിജയിച്ചിട്ടുണ്ടെന്ന് ലോക ബാങ്ക് റിപ്പോർട്ടിലൂടെ നമുക്ക് മനസ്സിലാക്കാം.

## ബദൽ മാതൃക ശക്തിപ്പെടുത്തുക

കേരളത്തിലെ വൈദ്യുതി മേഖലയെ കാര്യക്ഷമമാക്കി ജനങ്ങൾക്ക് ലോകനിലവാരത്തിലുള്ള സേവനം ലഭ്യമാക്കുന്ന ഒന്നാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് 2016ൽ അധികാരത്തിൽ വന്ന ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. 2017 മാർച്ച് 31നകം കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. വൈദ്യുതിയുടെ ഗുണനിലവാരവും, ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനവും ലോക നിലവാരത്തിലെത്തണമെങ്കിൽ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനായി നമ്മുടെ ഇപ്പോഴത്തെ നിലവാരം എന്താണ് എന്ന് കൃത്യമായി മനസ്സിലാക്കാനുള്ള സംവിധാനം ഉണ്ടാകണം. അപേക്ഷിക്കുന്നവർക്ക് അന്നുതന്നെ വൈദ്യുതി നൽകാൻ കഴിയണം. പരാതികൾക്ക് ഉടനടി പരിഹാരമുണ്ടാകണം. നിയമാനുസൃതമായ വോൾട്ടേജിൽ തടസ്സങ്ങളില്ലാതെ എല്ലാവർക്കും വൈദ്യുതി ലഭ്യമാകുന്നു എന്നുറപ്പു വരുത്തണം. വൈദ്യുതിയുടെ വില സാധാരണക്കാർക്ക് താങ്ങാവുന്നതായിരിക്കണം. ഈ മേഖല അഴിമതി വിമുക്തമാക്കാൻ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കണം.

ഇതിനെല്ലാമുള്ള കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. അതോടൊപ്പം ഇത്തരം ബദൽ മാതൃകകളെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തണം. അത്തരം ശ്രമങ്ങളെ അപ്പപ്പോൾ പ്രതിരോധിക്കുകയും വേണം. ആഗോളവൽക്കരണ നയങ്ങൾക്കെതിരായ പോരാട്ടത്തിന് ശക്തിപകരാൻ ഈ ബദൽ മാതൃക കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഈ മേഖലയെ ജനോപകാരപ്രദമാക്കി നിലനിർത്താൻ ആഗ്രഹിക്കുന്ന മുഴുവൻ ആളുകളുടേയും യോജിച്ച പ്രവർത്തനം ഇതിനാവശ്യമാണ്.